VOL NO: 09
ISSUE 41
2025 OCTOBER 11
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ 'ഫ്രീഡം ഫ്‌ളോട്ടില്ല'കൾ നൽകുന്ന സന്ദേശം

# ആർ.എസ്.എസ്: ഇന്ത്യൻ ബഹുസ്വരതയുടെ ശത്രുക്കൾ




ഇന്ത്യയുടെ സ്വാതന്ത്ര്യ സമര സംഘർഷങ്ങളുടെ അലയൊലികൾ പോലും കാതുകളെ അലോസരപ്പെടുത്താത്തത്ര അകലത്തിലിരുന്ന് പോരാട്ടങ്ങളെ നിരീക്ഷിച്ച ആർ.എസ്.എസ്സിനെ ഒരു ശതാബ്ദം കഴിഞ്ഞപ്പോൾ സ്വാതന്ത്ര്യ സമരത്തിന്റെ മുൻനിര പോരാളികളും രാജ്യസ്നേഹത്തിന്റെ ഉദാത്ത മാതൃകയുമായി പ്രതിഷ്ഠിച്ചിരിക്കുന്നു രാഷ്ട്രത്തലവൻ. ചിന്തയ്ക്ക് ചാണകം ഇന്ധനമാക്കിയവരെ മാത്രമല്ല, വിവേകമുള്ളവരെക്കൂടി പ്രതിനിധീകരിക്കുന്നതാണ് പ്രധാനമന്ത്രിപദം എന്ന തിരിച്ചറിവ് നല്ലതാണ്.

നയവ്യതിയാനം നിലപാടാക്കി മാറ്റിയവർ...

തുടർക്കഥയായി മാറുന്ന ചികിത്സാ പിഴവുകൾ

അനാചാരങ്ങൾക്ക് തെളിവുണ്ടാക്കാൻ മത്സരിക്കുന്നവർ!




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

455
# നേർപഥം
വാരിക
2025 ~ഒക്ടോബർ 11
1447 റബീഉൽ ആഖിർ 19
പുസ്തകം 09 / ലക്കം 41



Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**
Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**
Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




മുജീബ് ഒട്ടുമ്മൽ

ഇന്ത്യയുടെ സ്വാതന്ത്ര്യ സമര സംഘർഷങ്ങളുടെ അലയൊലികൾ പോലും കാതുകളെ അലോസരപ്പെടുത്താത്തത്ര അകലത്തിലിരുന്ന് പോരാട്ടങ്ങളെ നിരീക്ഷിച്ച ആർ.എസ്.എസ്സിനെ ഒരു ശതാബ്ദം കഴിഞ്ഞപ്പോൾ സ്വാതന്ത്ര്യ സമരത്തിന്റെ മുൻനിര പോരാളികളും രാജ്യസ്നേഹത്തിന്റെ ഉദാത്ത മാതൃകയുമായി പ്രതിഷ്ഠിച്ചിരിക്കുന്നു രാഷ്ട്രത്തലവൻ. ചിന്തയ്ക്ക് ചാണകം ഇന്ധനമാക്കിയവരെ മാത്രമല്ല, വിവേകമുള്ളവരെക്കൂടി പ്രതിനിധീകരിക്കുന്നതാണ് പ്രധാനമന്ത്രിപദം എന്ന തിരിച്ചറിവ് നല്ലതാണ്.

**05** മുഖമൊഴി
തുടർക്കഥയായി മാറുന്ന ചികിത്സാ പിഴവുകൾ

**06** കർമപഥം
നിഷിദ്ധമാക്കപ്പെട്ട ഭക്ഷ്യവസ്തുക്കൾ
അബ്ദുൽ ജബ്ബാർ മദീനി

**08** ബാലപഥം
ഉമ്മയില്ലാത്ത വീട്
ശിഫാന തസ്‌ലീം

**17** ലേഖനം
വാൽനക്ഷത്രങ്ങളും തമോഗർത്തങ്ങളും
ഡോ. ടി. കെ. യൂസുഫ്

**18** പഠനം
രിവായത്ത് അഥവാ നിവേദനം
ആരിഫ് ബുസ്താനി

**21** വിമർശനം
അനാചാരങ്ങൾക്ക് തെളിവുണ്ടാക്കാൻ മത്സരിക്കുന്നവർ!
മൂസ സ്വലാഹി കാര

**26** വിമർശനം
നയവ്യതിയാനം നിലപാടാക്കി മാറ്റിയവർ
മുബാറക് ബിൻ ഉമർ

**30** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു അൻകബൂത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**32** നമുക്കുചുറ്റും
'ഫ്രീഡം ഫ്ളോട്ടില്ല'കൾ നൽകുന്ന സന്ദേശം
അസ്‌ലഹ്

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

## 'ആർഎസ്എസ് സ്വാതന്ത്ര്യസമര സേനാനികൾ;'
## പ്രധാനമന്ത്രിയുടെ പ്രസ്താവന ചരിത്ര വസ്തുതകൾക്ക് നിരക്കാത്തത് - വിസ്ഡം

കോഴിക്കോട്: ആർഎസ്എസ് സ്വാതന്ത്ര്യ സമരസേനാനികൾ എന്ന പ്രധാനമന്ത്രിയുടെ അവകാശവാദം ചരിത്രപരമായ വസ്തുതകൾക്ക് നിരക്കാത്തതാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രവർത്തകസമിതി അഭിപ്രായപ്പെട്ടു. പ്രധാനമന്ത്രിയുടെ പ്രസ്താവന സ്വാതന്ത്ര്യ സമരത്തെ യും സമരസേനാനികളെയും അവഹേളിക്കുന്നതാണെന്ന് പ്രവർത്തകസമിതി കുറ്റപ്പെടുത്തി. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷ മൂല്യങ്ങളെ തകർക്കുന്ന സമീപനങ്ങളാണ് ഭരണകൂടം സ്വീകരിച്ചുവരുന്നത്. വർഗീയതയും മതനിരപേക്ഷതയും നേർക്കുനേർ പോരാടുന്ന വർത്തമാന കേരളത്തിൽഉറച്ചമതനിരപേക്ഷതയുടെ പക്ഷത്തെ ചേർത്ത് പിടിക്കാൻ പൊതുസമൂഹം തയ്യാറാകണം.

സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, സി.പി സലീം, ശമീർ മദീനി, കെ സജ്ജാദ്, പി.യു സുഹൈൽ, അബ്ദുല്ലാ ഫാസിൽ, താജുദ്ദീൻ സ്വലാഹി, ശമീൽ മഞ്ചേരി, ജമാൽ പെരിന്തൽമണ്ണ, കെ.ടി.ഷാജഹാൻ സ്വലാഹി, നബീൽ രണ്ടത്താണി, അഷ്റഫ് അബൂബക്കർ വെൽകം, പി.എം ഷാഹുൽഹമീദ്, ഡോ. സി.എം ഷാനവാസ്, ഫൈസൽ എറണാകുളം, നിസാർ കൊല്ലം, റഷീദ് മാസ്റ്റർ കാരപ്പുറം, നസീർ തിരുവനന്തപുരം, ബഷീർ കൊമ്പനടുക്കം, റസാഖ് അത്തോളി, അശ്റഫ് കല്ലായി, ജമാൽ മദനി, ഹംസക്കുട്ടി സലഫി, അബൂബക്കർ ഉപ്പള, വി.ടി ബഷീർ, റഷീദ് കൊടക്കാട്ട്, അബ്ദുൽ ഖാദിർ പറവണ്ണ, അബ്ദുറഹ്മാൻ വയനാട്, അഷ്റഫ് സുല്ലമി, ഹൈദർ അലി തൃശൂർ, റിയാസ് തൃശൂർ, അൻവർ സ്വലാഹി വയനാട്, മുജീബ് ഒട്ടുമ്മൽ, മുജീബുല്ല അൻസ്വാരി, അബ്ദുറഹ്മാൻ മദനി, ജാബിർ വി.എം, ശംസുദ്ദീൻ അടിമാലി എന്നിവർ പ്രസംഗിച്ചു.

## തീക്ഷ്ണമായ അനുഭവങ്ങൾ സർഗസിദ്ധിയെ തളർത്തുകയില്ല:
### വിസ്ഡം എഴുത്ത് പുര

പെരിന്തൽമണ്ണ: അധിനിവേശത്തിന്റെ ദുരനുഭവങ്ങളിലും ചെറുത്തുനിൽപിന്റെ അനുഭവങ്ങളിലും സർഗ സിദ്ധിയുടെ വളർച്ചയിലാണ് പുതുതലമുറയെന്ന് വിസ്ഡം എജ്യൂക്കേഷൻ ബോർഡ് മദ്റസാ വിദ്യാർഥികളിലെ പ്രതിഭകൾക്കായി സംഘടിപ്പിച്ച എഴുത്ത് പുര അഭിപ്രായപ്പെട്ടു.

വിസ്ഡം എജ്യൂക്കേഷൻ ബോർഡിന്റെ കോ-കരിക്കുലർ ഡിപ്പാർട്മെന്റിന് കീഴിൽ സംഘടിപ്പിച്ച എഴുത്തുപുരയിൽ പങ്കെടുത്ത കുട്ടികൾ അധാർമികതക്കും അരാജകത്വത്തിനും വർഗീയതക്കും വിഭാഗീയതക്കും വംശീയതക്കുമെല്ലാം എതിരെ പുതിയ തലമുറ സജ്ജമാണെന്ന് ബോധ്യപ്പെടുത്തുന്ന അനുഭവ സാക്ഷ്യമായി. ഈ കുരുന്നു എഴുത്തുകൂട്ടം ഫലസ്തീനിലെ വംശഹത്യക്കെതിരെ ശബ്ദമുയർത്തിയത് പ്രതീക്ഷ നൽകുന്നു.

നിലപാടുള്ള പ്രതിഭകളെ വാർത്തെടുക്കാനുള്ള വിസ്ഡം എജ്യൂക്കേഷൻ ബോർഡിന്റെ പ്രവർത്ത നങ്ങളുടെ ഭാഗമായാണ് എഴുത്തുപുര സംഘടിപ്പിച്ചത്. കഴിഞ്ഞ ഓഗസ്റ്റിൽ നടത്തിയ സർഗദിനം രചനാ മത്സരങ്ങളിൽ നിന്നും സ്ക്രീൻ ചെയ്തെടുത്ത, രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കി സംസ്ഥാന തലത്തിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട പ്രതിഭകളാണ് എഴുത്തുപുരയിൽ സമ്മേളിച്ചത്.

നജീബ് കാന്തപുരം എംഎൽഎ ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി അധ്യക്ഷത വഹിച്ചു. ഇന്ത്യൻ മാരീടൈം യൂണിവേഴ്സിറ്റി കൽക്കത്തയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ടി.കെ ഫവാസ് മുഖ്യാതിഥിയായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് ഗസ്സ ഐക്യദാർഢ്യ സന്ദേശം നൽകി. ഹാരിസ് ബിൻ സലീം, ഡോ.ശിയാസ് സ്വലാഹി, ഉസ്മാൻ പാലക്കാഴി, ഷംജാസ് കെ.അബ്ബാസ്, ശമീൽ മഞ്ചേരി, സുഫ്‌യാൻ അബ്ദുസ്സലാം, ഇർഫാൻ സ്വലാഹി കുട്ടികളുമായി സംവദിച്ചു.

ആയിഷ മെഹ്റ അത്തോളി, ഹാദിയ ഹനീൻ പുളിക്കൽ, അമൻ അബ്ദുല്ല കണ്ണൂർ, ഫാത്തിമ ഹിന്ദ് ഒളവട്ടൂർ എന്നീ എഴുത്തുപുരയിലെ പ്രതിഭകളും സംസാരിച്ചു. ക്യാമ്പ് ഡയറക്ടർ പി.കെ അംജദ് മദനി ആമുഖ സംസാരവും വി.ടി സലാം മാസ്റ്റർ നന്ദിയും പറഞ്ഞു.

# തുടർക്കഥയായി മാറുന്ന ചികിത്സാ പിഴവുകൾ

കേരളത്തിലെ ആശുപത്രികളിലെ ചികിത്സാ പിഴവ് തുടർക്കഥയായി മാറിയിരിക്കുകയാണ്. അതിൽ ഏറ്റവും പുതിയ വാർത്ത പാലക്കാട് ജില്ലാ ആശുപത്രിയിലെ ചികിത്സാ പിഴവ് കാരണം ഒൻപതുവയസ്സുകാരിയുടെ കൈ മുറിച്ചുമാറ്റേണ്ടിവന്നതാണ്. പാലക്കാട് പല്ലശന സ്വദേശിനിയായ വിനോദിനിക്കാണ് വലതുകൈ നഷ്ടമായത്. കുട്ടിയുടെ നില ഗുരുതരമായതോടെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിക്കുകയും ഇവിടെവെച്ച് കൈ മുറിച്ചുമാറ്റുകയുമായിരുന്നു.

വലതുകാലിന് പകരം ഇടതുകാൽ, ഇടതുകണ്ണിന് പകരം വലതുകണ്ണ്, മൂക്കിനു പകരം വയറ് എന്നിങ്ങനെ അശ്രദ്ധ മൂലം അവയവങ്ങൾ മാറി സർജറി നടത്തിയ സംഭവങ്ങൾ പലപ്പോഴായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ചികിത്സാ പിഴവിനെ തുടർന്ന് രോഗികൾ മരിക്കുന്നതും അപൂർവല്ല. കോഴിക്കോട്ടെ ഒരു സ്വകാര്യ ആശുപത്രിയിൽ ഇടതുകാലിന് പകരം ഡോക്ടർ വലതുകാലിന് സർജറി നടത്തിയത് ഏതാനും ദിവസം മുമ്പാണ്. ചികിത്സയിൽ പിഴവ് സംഭവിച്ചെന്ന് മാത്രമല്ല, നിയമ നടപടികളിൽ നിന്ന് രക്ഷപ്പെടാൻ ആശുപത്രി രേഖകളിൽ തിരിമറി നടത്തിയതായും ആരോപണമുണ്ട്.

നിലമ്പൂരിലെ സർക്കാർ ആശുപത്രിയിലുമുണ്ടായി കാല് മാറി ശസ്ത്രക്രിയ നടത്തിയ സംഭവം. ഒരു സ്ത്രീക്ക് ഇടതുകാലിന്റെ മുട്ടിന് താഴെയായി എല്ലിന് ഒടിവ് പറ്റിയതിനെ തുടർന്ന് ജില്ലാ ആശുപത്രിയിലെ അസ്ഥിരോഗ വിദഗ്ധൻ ശസ്ത്രക്രിയ നടത്തി കമ്പിയിട്ടു. പിന്നീട് കമ്പിയെടുത്തു മാറ്റാൻ രോഗി അതേ ഡോക്ടറെ സമീപിച്ചു. ഡോക്ടർ ഇടതുകാലിന് പകരം വലതു കാലിലാണ് സർജറി നടത്തിയത്. കാല് മരവിപ്പിച്ചതിനാൽ രോഗിക്ക് ശസ്ത്രക്രിയാവേളയിൽ പിഴവ് മനസ്സിലാക്കാനുമായില്ല. വലതുകാൽ കീറിക്കഴിഞ്ഞപ്പോഴാണ് ഡോക്ടർക്ക് അബദ്ധം മനസ്സിലായത്. തുടർന്ന് ഇടതുകാലിലും ശസ്ത്രക്രിയ നടത്തി കമ്പി പുറത്തെടുക്കുകയായിരുന്നു.

മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2019 മെയ് മാസത്തിൽ സർജറി വിദഗ്ധന് സംഭവിച്ചത് ഇതിനെക്കാളെല്ലാം ഗുരുതരമായ പിഴവായിരുന്നു. മൂക്കിലെ രോഗത്തിന് ഡോക്ടർ സർജറി നടത്തിയത് രോഗിയുടെ വയറ്റിലാണ്. ഹെർണിയക്ക് ശസ്ത്രക്രിയ നടത്തേണ്ട ഒരു രോഗിയെയും മൂക്കിലെ രോഗത്തിന് ശസ്ത്രക്രിയ നടത്തേണ്ട രോഗിയെയും ഒരേ സമയത്താണ് ഓപ്പറേഷൻ തിയേറ്ററിൽ പ്രവേശിപ്പിച്ചത്. ഡോക്ടർ രോഗിയെ മാറി ശസ്ത്രക്രിയ നടത്തി. സംഭവം വിവാദമായതോടെ രോഗിയെ വീണ്ടും തിയേറ്ററിൽ പ്രവേശിപ്പിച്ചു മൂക്കിൽ മറ്റൊരു ശസ്ത്രക്രിയ കൂടി നടത്തുകയായിരുന്നു.

അത്യധികം ശ്രദ്ധയോടെയും ജാഗ്രതയോടെയും മനഃസാന്നിധ്യത്തോടെയും നിർവഹിക്കേണ്ട സങ്കീർണ പ്രക്രിയയാണ് രോഗചികിത്സ; ശസ്ത്രക്രിയ, രക്തം നൽകൽ തുടങ്ങിയ ചികിത്സാ രീതികൾ വിശേഷിച്ചും. ഡോക്ടറുടെ ഒരു ചെറിയ അശ്രദ്ധ മതി രോഗിയെ കൊടിയ ദുരിതത്തിലാഴ്ത്താനും മരണത്തിൽ വരെ കൊണ്ടെത്തിക്കാനും. ചികിത്സാ പിഴവു മൂലം ശരീരത്തിന്റെ ചലനശേഷിയും അവയവത്തിന്റെ ഉപയോഗവും നഷ്ടപ്പെട്ടു കിടപ്പിലായ എത്രയോ ആളുകളുണ്ട്. ഒരു രോഗിയെ ശസ്ത്രക്രിയക്ക് വിധേയമാക്കുമ്പോൾ, താൻ ഉദ്ദേശിച്ച രോഗി തന്നെയാണോ ഇതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട് എന്ന കാര്യം അറിയാത്തവരാണോ ഡോക്ടർമാർ?

ഡോക്ടർമാരിലും നഴ്സുമാരിലും വിശ്വാസമർപ്പിച്ചാണ് രോഗികളും ബന്ധുക്കളും ആശുപത്രികളെ സമീപിക്കുന്നത്. ഈ വിശ്വാസം കണക്കിലെടുത്ത് കൊണ്ടുള്ള സമീപനവും ശ്രദ്ധാപൂർവമായ പരിചരണവുമാണ് ആശുപത്രി അധികൃതരിൽനിന്നുണ്ടാകേണ്ടത്. ചികിത്സയിലെ ഒരു നിമിഷത്തെ അശ്രദ്ധ മൂലം സംഭവിക്കുന്ന നഷ്ടം പിന്നീടൊരിക്കലും പരിഹരിക്കാൻ കഴിഞ്ഞെന്ന് വരില്ല. ■

അബ്ദുൽ ജബ്ബാർ മദീനി



# നിഷിദ്ധമാക്കപ്പെട്ട ഭക്ഷ്യവസ്തുക്കൾ

മ്ലേച്ഛവും അശുദ്ധവും ഉപദ്രവകരവുമായ എല്ലാ ഭക്ഷണ പദാർഥങ്ങളും ഹറാമാണ്. അവ ഭക്ഷിക്കൽ അനുവദനീയമല്ല. നിഷിദ്ധമായ ഭക്ഷണങ്ങൾ താഴെ വരും വിധമാകുന്നു:

1) താഴെ കൊടുക്കുന്ന ക്വുർആൻ സൂക്തത്തിൽ നിഷിദ്ധമായ ഭക്ഷണങ്ങൾ ഏതെന്ന് വ്യക്തമാക്കുന്നു: അല്ലാഹു പറഞ്ഞു:

“ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റ് ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്കു മുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക്) നിഷിദ്ധമാകുന്നു” (ക്വുർആൻ 5:3).

*ശവം:* സാധാരണഗതിയിൽ ചത്തതും മതപരമായ നിലയ്ക്ക് അറു

ക്കാതെ ജീവൻ നഷ്ടപ്പെട്ടതുമാണ് ശവം. പോഷണം മ്ലേച്ഛമായതിനാലും രക്തം കെട്ടിക്കിടക്കുന്നതിനാലും അതിലടങ്ങിയ അപകടം കാരണത്താലാണത് ഹറാമാക്കപ്പെട്ടത്. നിർബന്ധിതാവസ്ഥയിലുള്ളവന് ആവശ്യത്തിന്റെ അളവനുസരിച്ചു മാത്രം അത് അനുവദനീയമാണ്. ശവം എന്നതിൽനിന്ന് മത്സ്യവും വെട്ടുകിളിയും ഒഴിവാക്കപ്പെടും. അവ രണ്ടും ഹലാലാകുന്നു.

*രക്തം:* ഒഴുക്കപ്പെട്ട രക്തമാണ് ഉദ്ദേശ്യം. അത് ഹറാമുമാകുന്നു. അല്ലാഹു പറഞ്ഞു: "..ഒഴുക്കപ്പെട്ട രക്തമോ ആണെങ്കിലൊഴികെ" (ഖുർആൻ 6:145). എന്നാൽ അറവിനുശേഷം മാംസത്തിനിടയിലും ഞരമ്പുകളിലും ശേഷിക്കുന്ന രക്തം അനുവദനീയമാകുന്നു. കരൾ, പ്ലീഹ പോലുള്ള, മതം അനുവദിച്ച രക്തവും ഇപ്രകാരം അനുവദനീയമാണ്.

*പന്നിമാംസം:* അത് മ്ലേച്ഛമാകുന്നു. അത് മാലിന്യങ്ങൾ ഭക്ഷണമായുപയോഗിക്കുകയും അങ്ങേയറ്റം ഉപദ്രവകാരിയുമാകുന്നു. ഈ മൂന്നു നിഷിദ്ധങ്ങളേയും അല്ലാഹു വിശുദ്ധ ഖുർആനിൽ ഒന്നിച്ചു നൽകി യിരിക്കുന്നു:

"അത് ശവമോ, ഒഴുക്കപ്പെട്ട രക്തമോ, പന്നിമാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ലേച്ഛമത്രെ. അല്ലെങ്കിൽ അല്ലാഹുവല്ലാത്തവരുടെ പേരിൽ (നേർച്ചയായി) പ്രഖ്യാപിക്കപ്പെട്ടതിനാൽ അധാർമികമായിത്തീർന്നിട്ടുള്ളതും ഒഴികെ" (ഖുർആൻ 6:145).

*അല്ലാഹുവല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്:* അഥവാ അല്ലാഹുവിന്റെ നാമമല്ലാത്തതിൽ അറുക്കപ്പെട്ടത്. തൗഹീദിനെ നിരാകരിക്കുന്ന ശിർക്ക് ഇതിലുള്ളതിനാൽ ഇത് ഹറാമാകുന്നു. കാരണം അറവ് ഇബാദത്താകുന്നു. അതിനാൽ അല്ലാഹു അല്ലാത്തവരിലേക്ക് അതു തിരിക്കൽ അനുവദനീയമല്ല. അല്ലാഹു പറഞ്ഞു: "ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക" (ഖുർആൻ 6:145).

*മുൻഖനികത്ത്:* വിചാരിതമായോ അവിചാരിതമായോ ശ്വാസം മുട്ടിക്കുകയും അതിനാൽ ജീവൻപോവുകയും ചെയ്തതാകുന്നു അത്.

*മൗഖൂദത്ത്:* വടികൊണ്ടോ ഭാരമുള്ള വല്ലതും കൊണ്ടോ അടിയേൽക്കുകയും അതിനാൽ ജീവൻപോവുകയും ചെയ്തതാകുന്നു അത്.

*മുത്തറദ്ദിയത്ത്:* ഉയരത്തിൽനിന്ന് താഴോട്ട് വീഴുകയും അതിനാൽ ചാവുകയും ചെയ്തതാകുന്നു അത്.

*നത്വീഹത്ത്:* മറ്റൊന്നിന്റെ കുത്തേൽക്കുകയും അതിനാൽ ചത്തുപോവുകയും ചെയ്തത്.

*മാ അകല സ്സബ്ഉ: (ഹിംസ്ര മൃഗങ്ങൾ തിന്നു പരിക്കേൽപിച്ചത്):* സിംഹം, പുലി, ചെന്നായ, ചീറ്റ, നായ എന്നീ മൃഗങ്ങൾ ആക്രമിക്കുകയും തിന്നുകയും അതിനാൽ ചത്തുപോവുകയും ചെയ്യുന്നതാകുന്നു അത്.

അവസാനം പറഞ്ഞ അഞ്ചു വിഭാഗത്തെ ജീവനുള്ള നിലയ്ക്ക് കണ്ടുകിട്ടുകയും അവ അറുക്കപ്പെടുകയും ചെയ്താൽ അവയെ ഭക്ഷിക്കുന്നത് ഹലാലാകുന്നു. ഉപരിസൂചിത ആയത്തിൽ ഇപ്രകാരമുള്ളതിനാ ലാണത്: "(ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു" (ഖുർആൻ 5:3).

*മാ ദുബിഹ അലന്നുസ്വുബി:* (പ്രതിഷ്ഠാ സന്നിധാനത്തിൽ ബലിയറുക്കപ്പെട്ടത്): ഇസ്‌ലാമിനു മുമ്പ് അവിശ്വാസികൾ കഅ്ബക്കു ചുറ്റും പ്രതിഷ്ഠിക്കപ്പെട്ട കല്ലിന്നരികിൽ ബലിയറുക്കുമായിരുന്നു. അതും ഭക്ഷിക്കൽ അനുവദനീയമല്ല. കാരണം അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുത്തതിന്റെ വിഷയത്തിൽ മുമ്പ് ഉണർത്തിയതുപോലെ ഇതും അല്ലാഹു നിഷിദ്ധമാക്കിയ ശിർക്കിൽ പെട്ടതാകുന്നു.

2) വിഷം, മദ്യം. ലഹരിയും തളർച്ചയുമുണ്ടാക്കുന്ന ഇതര വസ്തുക്കൾ പോലുള്ള ശരീരത്തിന് ഹാനികരമായവ. അല്ലാഹു പറഞ്ഞു: "നിങ്ങളുടെ കൈകളെ നിങ്ങൾതന്നെ നാശത്തിൽ തള്ളിക്കളയരുത്" (ഖുർആൻ 2:195).

"നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്" (ഖുർആൻ 4:23).

3) ജീവനുള്ള മൃഗത്തിൽനിന്ന് മുറിച്ചെടുക്കപ്പെട്ടത്: അബൂവാഖിദ് അല്ലയ്സി(റ) യിൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്. തിരുനബി(സ്വ) പറഞ്ഞു: "ജീവനുള്ള മൃഗത്തിൽനിന്ന് മുറിച്ചെടുക്കപ്പെട്ടത് ഫലത്തിൽ ശവം തന്നെയാണ്."

4) വന്യമൃഗങ്ങൾ: സിംഹം, ചെന്നായ, പുലി, ചീറ്റ, നായ പോലുള്ള, ദംഷ്ട്രങ്ങൾ കൊണ്ട് വേട്ടയാടുന്ന കരയിലെ ജന്തുക്കളാ

ണുദ്ദേശ്യം. അബൂസഅ്‌ലബഃ അൽഖുശനി(റ)യിൽനിന്ന് നിവേദനം: "വന്യമൃഗങ്ങളിൽനിന്ന് ദംഷ്ട്രങ്ങളുള്ളവയെ അല്ലാഹുവിന്റെ തിരുദൂതർ നിരോധിച്ചിരിക്കുന്നു."

"വന്യമൃഗങ്ങളിൽനിന്ന് ദംഷ്ട്രങ്ങളുള്ളവയെ ഭക്ഷിക്കുന്നത് ഹറാമാകുന്നു."

5) പക്ഷികളിൽ വന്യമായവ: കഴുകൻ, പരുന്ത്, പ്രാപിടിയൻ പോലുള്ള നഖങ്ങൾ കൊണ്ടു വേട്ടയാടുന്ന പക്ഷികളത്രേ അവ. ഇബ്നു അബ്ബാസിൽനിന്നുള്ള ഹദീഥിൽ ഇപ്രകാരമുണ്ട്:

"വന്യമൃഗങ്ങളിൽനിന്ന് ദംഷ്ട്രങ്ങളുള്ളവയെയും പക്ഷികളിൽനിന്ന് വളഞ്ഞ നഖങ്ങളുള്ളവയെയും അല്ലാഹുവിന്റെ തിരുദൂതർ(സ്വ) വിരോധിച്ചിരിക്കുന്നു."

6) ശവം തീനികളായ പക്ഷികൾ: പരുന്ത്, കഴുകൻ, കാക്ക പോലുള്ളവ. മ്ലേച്ഛ വസ്തുക്കൾ അവ ആഹാരമായി സ്വീകരിക്കുന്നതിനാലാണത്.

7) വധിക്കുവാൻ കൽപനയുള്ള എല്ലാ മൃഗങ്ങളും ഹറാമാകുന്നു. പാമ്പ്, തേൾ, എലി, കഴുകൻ പോലുള്ളത്. അല്ലാഹുവിന്റെ തിരുദൂതർ(സ്വ) പറഞ്ഞു: "അഞ്ചു ജീവികൾ കുഴപ്പകാരികളാകുന്നു. അവ ഹറമിലും കൊല്ലപ്പെടും. തേൾ, കഴുകൻ, കാക്ക, എലി, ഉപദ്രവകാരിയായ നായ എന്നിവയാകുന്നു അവ." അവ മലിനവും മ്ലേച്ഛവുമായതിനാലണത്.

9) നാടൻ കഴുതകൾ: ജാബിറി(റ)ൽനിന്നു നിവേദനം: തിരുനബി(സ്വ) ഖയ്ബർ യുദ്ധ ദിവസം (നാടൻ) കഴുതകളുടെ മാംസം വിരോധിച്ചു."

8) ചീത്ത ഭക്ഷണപദാർഥങ്ങൾ: എലി, പാമ്പ്, ഈച്ച, കടന്നൽ, തേനീച്ച പോലുള്ളത്. അല്ലാഹു പറഞ്ഞു: "ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു" (ക്വുർആൻ 7:157).

9) ജല്ലാലഃ: കൂടുതലായി നജസ് തിന്നുന്നതാണ് ജല്ലാലഃ. ഇബ്നു ഉമറി(റ)ൽനിന്നു നിവേദനം: "ജല്ലാലയെ(കാഷ്ഠവും മലിനവസ്തുക്കളും ഭക്ഷിക്കുന്ന ജീവികൾ) തിന്നുന്നത് തിരുനബി(സ്വ) വിരോധിച്ചു."

കാഷ്ഠവും മലിന വസ്തുക്കളും ഭക്ഷിക്കുന്നവ ഒട്ടകം, മാട്, ആട്, കോഴി പോലുള്ള ജീവികളായാലും തുല്യമാണ്. നജസുകളിൽനിന്ന് വിദൂരത്ത് അവയെ ബന്ധിക്കുകയും അവയെ നല്ല ഭക്ഷണങ്ങൾ തീറ്റുകയും ചെയ്താൽ അവയെ ഭക്ഷിക്കൽ അനുവദനീയമാണ്. ഇബ്നു ഉമർ(റ) അതിനെ ഭക്ഷിക്കുവാനുദ്ദേശിച്ചാൽ മൂന്നുനാൾ അവയെ തടഞ്ഞിടുമായിരുന്നു. അതിനെക്കാൾ കൂടുതൽ നാളുകളും തടഞ്ഞിടണമെന്ന് പറയപ്പെട്ടിട്ടുണ്ട്.

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിഖ്ഹുൽമുയസ്സർ ഫീദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം)*



## ശിഫാന തസ്‌ലീം

(സൽസബീൽ അറബിക്കോളേജ്, വെങ്കിടങ്ങ്)

വൈകുന്നേരത്തെ ചായകുടി കഴിഞ്ഞ് മെസ്സിലെ ബെഞ്ചിൽ അലസമായങ്ങനെ ഇരിക്കുന്ന സമയത്താണ് അപ്പുറത്തുനിന്നും സുഹൃത്തിന്റെ ശബ്ദം ചെവിയിലേക്ക് പാഞ്ഞു കയറിയത്. അവൾ വീട്ടിലേക്കു വിളിച്ചുകൊണ്ടിരിക്കുകയാണ്. റെയ്ഞ്ച് കിട്ടാത്തതുകൊണ്ടാവാം 'ഹലോ...ഹലോ...ഉമ്മച്ചി എവിടെയാ, കേൾക്കുന്നില്ലേ?' എന്നെല്ലാം അവൾ ആവർത്തിച്ചു ചോദിക്കുന്നുണ്ട്.

ഇതൊക്കെ കണ്ടും കേട്ടും കൊണ്ടിരിക്കുന്ന എന്റെ മനസ്സിലേക്ക് അന്നേരം ഓടിയെത്തിയത് ആറു വർഷം മുമ്പ് ഈ ലോകത്തോട് വിട പറഞ്ഞ ഉമ്മയാണ്. സ്നേഹിച്ചു കൊതിതീരാതെ ഞങ്ങളെ വിട്ടുപോയ, പൊന്നുമ്മ. ഉമ്മയുടെ വില മനസ്സിലാക്കാതെ കഴിഞ്ഞുപോയ നാളുകൾ. ഒരു കാര്യം ചെയ്യാൻ പറഞ്ഞാൽ പിന്നീട് ചെയ്യാം എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറിയ നേരങ്ങൾ...



# ഉമ്മയില്ലാത്ത വീട്

ഇന്ന് 'ഉമ്മാ' എന്ന് ഉറക്കെയൊന്നു വിളിക്കാൻ വല്ലാത്ത കൊതി മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. വിളിച്ചാൽ വിളി കേൾക്കാത്ത ലോകത്തേക്ക് ഉമ്മ യാത്രയായല്ലോ. എന്നാലും ആരും കേൾക്കാതെ ചിലപ്പോഴൊക്കെ 'ഉമ്മാ' എന്നു വിളിക്കും, വിതുമ്പിക്കരയും.

ഒന്നോ രണ്ടോ മാസം ഹോസ്റ്റലിൽ താമസിച്ച് വീട്ടിലേക്ക് തിരിച്ചെത്തുമ്പോൾ ഉമ്മയില്ലാത്ത ശൂന്യത വല്ലാതെ വിഷമിപ്പിക്കും. വീടിന്റെ മുക്കുമൂലകളിലൊക്കെ ആ ശൂന്യത നിറഞ്ഞു നിൽക്കുന്നതായി അനുഭവപ്പെടും. അറിയാതെ കണ്ണുകൾ നിറഞ്ഞു തുളുമ്പും. 'മോളേ, നീ വന്നോ' എന്ന് ചോദിച്ച് കെട്ടിപ്പിടിച്ച് മുത്തം തരുന്ന ഉമ്മയെക്കുറിച്ചുള്ള ഓർമകൾ മധുര നൊമ്പരം സമ്മാനിക്കും.

പ്രിയപ്പെട്ട കൂട്ടുകാരേ, അതിരാവിലെ ഉമ്മമാർ ഉറക്കിൽനിന്നും വിളിച്ചുണർത്തുമ്പോഴും നമസ്കരിക്കാൻ നിർബന്ധിക്കുമ്പോഴും വീട്ടു ജോലികളിൽ സഹായിക്കാൻ പറയുമ്പോഴുമൊക്കെ നിങ്ങൾ അവരോട് ദേഷ്യപ്പെടാറുണ്ടോ? വെറുപ്പ് പ്രകടിപ്പിക്കാറുണ്ടോ?

സ്കൂളിലേക്ക് പോകാൻ തയ്യാറാകുമ്പോൾ 'ചോറ്റുപാത്രം ടേബിളിലുണ്ട്, അതെടുക്കാൻ മറക്കല്ലേ' എന്ന് അടുക്കളയിൽനിന്നും വിളിച്ചു പറയുന്ന ഉമ്മയോട് 'എനിക്കു വേണ്ട നിങ്ങടെ ചോറ്, ഞാൻ ഹോട്ടലിൽനിന്നും കഴിച്ചോളാം' എന്ന് പറഞ്ഞ് ഉമ്മയുടെ മനസ്സ് വേദനിപ്പിച്ച് വീട്ടിൽനിന്നും ഇറങ്ങിപ്പോകുന്ന ചില ന്യൂജെൻ കുട്ടികളുണ്ട്. അതിരാവിലെ എഴുന്നേറ്റ് ഒരുപാട് പണികൾക്കിടയിൽ നിങ്ങൾക്കുള്ള ഭക്ഷണമൊരുക്കുന്ന ഉമ്മയുടെ സ്നേഹമാണ് അത്തരക്കാർ കാണാതെ പോകുന്നത്. നിങ്ങളൊന്ന് ചിന്തിച്ചു നോക്കുക. ഉമ്മയെ ഏതെങ്കിലും രൂപത്തിൽ വിഷമിപ്പിച്ച് ഇറങ്ങിപ്പോയ നിങ്ങൾ തിരിച്ചു വരുന്ന സമയത്ത് കാണുന്നത് വീടിന്റെ മുന്നിൽ കൂടിനിൽക്കുന്ന ആളുകളെയാണ്. എന്താണെന്നറിയാതെ ഒടിക്കിതച്ച് വീട്ടിനകത്തേക്ക് കയറിച്ചെല്ലുമ്പോൾ കാണുന്നത് വെള്ളത്തുണിയിൽ പൊതിഞ്ഞ നിലയിൽ കട്ടിലിൽ കിടക്കുന്ന ഉമ്മയുടെ ജീവനറ്റ ശരീരമാണെങ്കിൽ നിങ്ങളുടെ മനസ്സിന്റെ അവസ്ഥ എന്തായിരിക്കും? അതല്ല, നമുക്കാണ് വല്ലതും പറ്റിയതെങ്കിലോ? ഉമ്മയുടെ തൃപ്തി ലഭിക്കാത്ത മടക്കമല്ലേ അത്?

സ്വന്തം ഇഷ്ടങ്ങളെല്ലാം മക്കൾക്കു വേണ്ടി മാറ്റിവെക്കുന്നവരാണ് ഉമ്മമാർ. നമ്മെ ഒമ്പതു മാസത്തിലേറെ വയറ്റിൽ ചുമന്നവർ, അങ്ങേയറ്റത്തെ വേദനയനിഭവിച്ച് നമ്മെ പ്രസവിച്ചവർ... അവരോടുള്ള ബാധ്യത തീർത്താൽ തീരാത്തതല്ലേ? സമയം വൈകിയിട്ടില്ല. നിങ്ങൾ കാരണം നിങ്ങളുടെ ഉമ്മയുടെ മനസ്സ് വേദനിച്ചിട്ടുണ്ടെങ്കിൽ പൊരുത്തം ചോദിച്ച് അവർക്കു വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുക. അവർ ഇല്ലാതാകുമ്പോഴാണ് അവർ എത്രത്തോളം നമുക്ക് വേണ്ടപ്പെട്ടവരായിരുന്നു എന്ന് നാം തിരിച്ചറിയുക. ■

**മുജീബ് ഒട്ടുമ്മൽ**
: 97444 31890




# ഇന്ത്യൻ ബഹുസ്വരതയുടെ ശത്രുക്കൾ

“ബ്രിട്ടീഷ്കാരുടെ അതിക്രമങ്ങൾക്കെതിരെ സംഘം പോരാടി. രാജ്യത്തോടുള്ള സ്നേഹം മാത്രമായിരുന്നു അവരുടെ ഏക താൽപര്യം. സ്വാതന്ത്ര്യ സമര സേനാനികൾക്ക് സംഘം വളണ്ടിയർമാർ അഭയം നൽകിയിരുന്നു. സ്വാതന്ത്ര്യ സമരകാലത്ത് അതിന്റ നേതാക്കൾ ജയിലിലായിരുന്നു. ആരോപണങ്ങൾ ഉന്നയിച്ചും കള്ളക്കേസുകൾ രജിസ്റ്റർ ചെയ്തും ആർഎസ്എസിന്റെ മനോവീര്യം തകർക്കാൻ നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.”

ദില്ലിയിലെ അംബേദ്കർ ഇന്റർനാഷണൽ സെന്ററിൽ നടന്ന ആർഎസ്എസിന്റെ നൂറാം വാർഷികാ ഘോഷ പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്തുകൊണ്ട് ഇന്ത്യയുടെ പ്രധാനമന്ത്രി നരേന്ദ്ര മോഡി നടത്തിയ പ്രഭാഷണത്തിൽ നിന്നുള്ള ഒരു ഭാഗമാണ് നാം വായിച്ചത്. ആർ എസ് എസിനെ പുകഴ്ത്തിയുള്ള സംസാരം ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ നാവിലൂടെ രാജ്യം കേൾക്കുമ്പോൾ അത്ഭുതവും പ്രതിഷേധവും സ്വാഭാവികം മാത്രം.

> ഇന്ത്യയുടെ സ്വാതന്ത്ര്യ സമര സംഘർഷങ്ങളുടെ അലയൊലികൾ പോലും കാതുകളെ അലോസരപ്പെടുത്താത്തത്ര അകലത്തിലിരുന്ന് പോരാട്ടങ്ങളെ നിരീക്ഷിച്ച ആർ.എസ്.എസ്സിനെ ഒരു ശതാബ്ദം കഴിഞ്ഞപ്പോൾ സ്വാതന്ത്ര്യ സമരത്തിന്റെ മുൻനിര പോരാളികളും രാജ്യസ്നേഹത്തിന്റെ ഉദാത്ത മാതൃകയുമായി പ്രതിഷ്ഠിച്ചിരിക്കുന്നു രാഷ്ട്രത്തലവൻ. ചിന്തയ്ക്ക് ചാണകം ഇന്ധനമാക്കിയവരെ മാത്രമല്ല, വിവേകമുള്ളവരെക്കൂടി പ്രതിനിധീകരിക്കുന്നതാണ് പ്രധാനമന്ത്രിപദം എന്ന തിരിച്ചറിവ് നല്ലതാണ്.

ആർഎസ്എസിന്റെ ദാർശനിക പശ്ചാത്തലത്തിൽനിന്ന് വളർന്നുവന്ന വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തിന്റെ സമർഥനത്തിൽ അതിശയോക്തി സ്വാഭാവികം മാത്രമാകും. ആർഎസ്എസ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി 'ഭാരതാംബ'യുടെ ചിത്രം ഉൾപ്പെടുത്തി 100 രൂപയുടെ നാണയവും പ്രത്യേക സ്റ്റാമ്പും പുറത്തിറക്കിയിരിക്കുന്നു. മതനിരപേക്ഷതയുടെ വക്താക്കളിൽ വലിയ ഒരു അമ്പരപ്പിന് കാരണമായ നടപടിക്രമങ്ങളുമായാണ് അധികാരികൾ മുന്നോട്ട് പോകുന്നത്. കേരള മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രിയുടെ പ്രസ്താവനകളെ ശക്തമായി വിമർശിച്ചത് മതനിരപേക്ഷ ചേരിയുടെ ശക്തമായ പ്രതികരണമായി. അദ്ദേഹം പറഞ്ഞതിങ്ങനെയാണ്:

"സ്വാതന്ത്ര്യസമരത്തിൽനിന്ന് വിട്ടുനിൽക്കുകയും കൊളോണിയൽ തന്ത്രം ഇണങ്ങിച്ചേർന്ന ഒരു വിഭജന പ്രത്യയശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഒരു സംഘടനയെ ഇത് സാധൂകരിക്കുന്നു. നമ്മുടെ യഥാർഥ സ്വാതന്ത്ര്യസമര സേനാനികളുടെയും അവർ വിഭാവനം ചെയ്ത മതേതര, ഏകീകൃത ഇന്ത്യയുടെയും ഓർമകൾക്ക് നേരെയുള്ള നേരിട്ടുള്ള ആക്രമണമാണ് ഈ ദേശീയ ബഹുമതി." ഭരണഘടനയോടുള്ള കടുത്ത അപമാനമാണെന്നും അദ്ദേഹം ചേർത്ത് പറഞ്ഞു.

കേന്ദ്ര സാംസ്കാരിക കേന്ദ്രമാണ് ശതാബ്ദി ആഘോഷങ്ങൾ സംഘടിപ്പിച്ചത്. നാണയവും സ്റ്റാമ്പും പുറത്തിറക്കുന്ന ചടങ്ങിൽ ആർഎസ്എസ് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബാലെ, ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത, കേന്ദ്ര സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിങ് ശേഖാവത്ത് എന്നിവരും സന്നിഹിതരായിരുന്നു.

ഇന്ത്യൻ കറൻസിയിൽ ആദ്യമായാണ് 'ഭാരതാംബ'യെ ഉൾപ്പെടുത്തുന്നത്. 100 രൂപ നാണയത്തിൽ ഒരു വശത്ത് ദേശീയ ചിഹ്നവും മറുവശത്ത് വരദമുദ്രയിൽ സിംഹത്തോടുകൂടിയ 'ഭാരതാംബ'യുടെ ചിത്രവുമാണുള്ളത്. ഭക്തിയോടെയും അർപ്പണബോധത്തോടെയും സ്വയംസേവകർ ഭാരതാംബയ്ക്കു മുന്നിൽ പ്രണമിക്കുന്നതായും ഇതിൽ ചിത്രീകരിച്ചിട്ടുണ്ട്.

സ്റ്റാമ്പിൽ 1963ലെ റിപ്പബ്ലിക് ദിന പരേഡിൽ ആർഎസ്എസ് സ്വയംസേവകർ പങ്കെടുത്തത് ചിത്രീകരിച്ചിട്ടുണ്ട്. ഭാരതാംബയ്ക്കും ആർഎസ്എസിന്റെ ഒരു നൂറ്റാണ്ടു നീണ്ട സേവനത്തിന്റെയും അർപ്പണബോധത്തിന്റെയും യാത്രയ്ക്കും അഭിമാനകരമായ ആദരമാണ് ഈ നിമിഷമെന്ന് മോദി വിശേഷിപ്പിക്കുകയും ചെയ്തു.

ഇന്ത്യയുടെ ഒരു നൂറ്റാണ്ടുകാലം മത, രാഷ്ട്രീയ, സാംസ്കാരിക രംഗത്ത് വളരെ സജീവമായിരുന്നിട്ടും രാജ്യത്തിന്റെ പ്രധാനമന്ത്രി ആർഎസ്എസിന്റെ മഹത്വങ്ങളും പ്രത്യേകതകളും എണ്ണിയെണ്ണി പറഞ്ഞ് വെളുപ്പിക്കാൻ ശ്രമിക്കുന്നത് കുറുവടിയുടെയും കാവിക്കളസത്തിന്റെയും 'ക്ഷേമ' പ്രവർത്തനങ്ങളെ പ്രധാനമന്ത്രിക്ക് നന്നായി അറിയുന്നത് കൊണ്ട് തന്നെയാണ്. രാജ്യത്ത് ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന അനേകായിരം സംഘടനകൾ നിർവഹിച്ച് കൊണ്ടിരിക്കുന്ന സേവന പ്രവർത്തനങ്ങളെ കുറിച്ച് കൂടുതൽ പറയേണ്ടതില്ലാത്ത വിധം രാജ്യം ആസ്വദിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിന് വേണ്ടിയുള്ള കൃത്രിമമായ വാചകങ്ങൾ രൂപപ്പെടുത്തേണ്ടതില്ലാത്തവിധം കാര്യങ്ങൾ വ്യക്തമാണ്. എന്നാൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനോ വികസനത്തിനോ സാമൂഹികമായ ക്ഷേമത്തിനോ വിദ്യാഭ്യാസ മുന്നേറ്റത്തിനോ യാതൊരു പങ്കും വഹിക്കാത്ത സംഘത്തെ, അധികാരസ്ഥാനങ്ങളിൽ അവരോധിതനായി വെളുപ്പിക്കാൻ ശ്രമിക്കുന്നത് ഇന്ത്യയുടെ പ്രബുദ്ധതയെ വഞ്ചിക്കുകയാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്! രാജ്യ

ത്തിന്റെ സുവർണ കാലഘട്ടമായ മുഗൾ ഭരണകാലത്തെ ചരിത്ര ധ്വംസനം നടത്താനുള്ള സംഘപരിവാരങ്ങളുടെ ശ്രമം കാവിരാക്ഷസീയതയ്ക്ക് പുതുമാനം നൽകാൻ വേണ്ടിയാണ്. അത് സിംഹാസനത്തിൽ ഇരുന്ന് പ്രഖ്യാപിക്കാനുള്ള അവസരമായപ്പോൾ യഥാർഥ മുഖം വെളിപ്പെടുത്തി പ്രധാനമന്ത്രി വിളിച്ച് പറയുകയാണ്.

**സ്വാതന്ത്ര്യസമരവും ആർഎസ്എസും**

പ്രധാനമന്ത്രിയുടെ പ്രഭാഷണത്തിൽ പ്രധാനമായും ആർഎസ്എസിനെ വെളുപ്പിക്കാനുള്ള ശ്രമമാണ് നടന്നത്. അതിൽ ഒന്നാണ് ആർഎസ്എസ് ഇന്ത്യൻസ്വാതന്ത്ര്യ സമരങ്ങളിൽ പങ്കെടുത്തുവെന്ന പരാമർശം. സമൂഹ മാധ്യമങ്ങളിൽ ട്രോളുകളായും സാംസ്കാരികരംഗത്തെ വിമർശനങ്ങളായും ഇത് ചർച്ച ചെയ്യപ്പെടുകയാണ്.

സ്വാതന്ത്ര്യസമര ചരിത്രം പുതുതലമുറ വായിക്കുമ്പോൾ അതിൽ ഇടംപിടിക്കാനുള്ള ആർഎസ് എസിന്റ പിൻവാതിൽ ശ്രമമാണിത്. യഥാർഥത്തിൽ ഇത്തരം വാദങ്ങളുടെ നിജസ്ഥിതിയെന്താണെന്ന് സമൂഹം ചർച്ച ചെയ്യുകയാണ് വേണ്ടത്.

'ആർഎസ്എസും ഹിന്ദു മഹാസഭയും അടങ്ങുന്ന കൂട്ടുകെട്ടാണ് പ്രബലമായ ദേശാഭിമാന പ്രസ്ഥാനം. സ്വാതന്ത്ര്യസമര പോരാട്ടങ്ങളുടെ ഭാഗമായി നടന്ന പ്രക്ഷോഭങ്ങളിലും സമരങ്ങളിലും പങ്കെടുത്ത ബ്രിട്ടീഷ് വിരുദ്ധ നിലപാടുള്ള ഒരു വിപ്ലവകാരിയായിരുന്നു സവർക്കർ. അടൽ ബിഹാരി വാജ്പേയ് ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത് ജയിൽവാസം പോലും അനുഷ്ഠിച്ചിട്ടുണ്ട്' എന്നിങ്ങനെയുള്ള സംഘപരിവാര അവകാശവാദങ്ങളാണ് പ്രധാനമന്ത്രിയുടെ പരാമർശങ്ങളുടെ അടിസ്ഥാനം.

> അടിയുറച്ച ഒരു ഹിന്ദുത്വവാദി എന്ന നിലയിൽ ഗാന്ധിയുടെ അഹിംസ സിദ്ധാന്തത്തോടും അദ്ദേഹം നയിക്കുന്ന പ്രസ്ഥാനങ്ങളോടും ഗോഡ്സെക്ക് ഒട്ടും ആഭിമുഖ്യമുണ്ടായിരുന്നില്ല. ഗാന്ധിയെ കുറിച്ച് അദ്ദേഹത്തിന് ഒട്ടും മതിപ്പും ഉണ്ടായിരുന്നില്ല. ആശയപരവും ദാർശനികവും രാഷ്ട്രീയപരവുമായ വിപരീത ദിശയിൽ നിൽക്കുന്ന ഗാന്ധിജിയോട് അയാൾക്ക് ഒടുങ്ങാത്ത പകയുണ്ടാവുക സ്വാഭാവികം. ഈ വൈകാരികതയ്ക്ക് കാരണം ആർഎസ്എസിന്റ ഹിന്ദുത്വ അജണ്ടയാണന്നതിൽ തർക്കമുണ്ടാവില്ല.

1923ലാണ് സവർക്കർ ഹിന്ദു മഹാസഭയുടെ പ്രവർത്തനങ്ങളുടെ ഭാഗമാകുന്നത്. അതിനുമുമ്പ് അദ്ദേഹം നിയമപഠനത്തിനായി ഇംഗ്ലണ്ടിലായിരുന്നു. അവിടെ ഇന്ത്യയെ ബ്രിട്ടീഷ് ഭരണത്തിൽനിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫ്രീ ഇന്ത്യൻ സൊസൈറ്റി എന്ന ഒരു പ്രസ്ഥാനത്തിന് അദ്ദേഹം രൂപം നൽകി. പാരീസിൽവച്ച് ഒരു റഷ്യൻ വിപ്ലവകാരിയിൽനിന്ന് ആയുധ നിർമാണം അദ്ദേഹം വശമാക്കിയിരുന്നു. സംഘത്തിലെ ഒരാൾ ഉയർന്ന ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനെ വധിച്ചതോടെ നേതാക്കൾ അറസ്റ്റിലായി. ഈ കേസിൽ മുഖ്യപ്രതിയെ തൂക്കിലേറ്റുകയുണ്ടായി. ഈ കൊലക്കേസിലും മറ്റൊരു കേസിലും പ്രതിയായിരുന്നു സവർക്കർ. ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട അദ്ദേഹത്തെ ഇംഗ്ലണ്ടിൽനിന്ന് നാടുകടത്തി. കപ്പൽ മാർസിലസിൽ നങ്കൂരമിട്ടപ്പോൾ കടലിൽ ചാടി രക്ഷപ്പെട്ട സവർക്കർ ഫ്രാൻസിൽ അഭയം തേടിയെങ്കിലും അദ്ദേഹത്തെ പിടികൂടി അന്തമാനിലേക്ക് നാടുകടത്തുകയാണ് ഉണ്ടായത്. അദ്ദേഹത്തെ നിരുപാധികം മോചിപ്പിക്കണമെന്ന് അന്നത്തെ കോൺഗ്രസ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന തിനിടയിൽ അദ്ദേഹം സർക്കാറിന് കീഴടങ്ങിക്കൊണ്ട് അധികാരികൾക്ക് കത്ത് നൽകി. ലജ്ജാകരമായ കീഴടങ്ങലായിരുന്നു അത്. അദ്ദേഹം കുമ്പസരിച്ചുകൊണ്ട് മാപ്പ് എഴുതിയത് ഇങ്ങനെയാണ്:

"കോടതിയിൽ എനിക്ക് ന്യായമായ വിധത്തിലുള്ള വിചാരണയാണ് ലഭിച്ചതെന്നും എനിക്ക് വിധിച്ചത് ഞാൻ അർഹിക്കുന്ന ശിക്ഷ തന്നെയാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു. കഴിഞ്ഞകാലങ്ങളിൽ ചെയ്തുപോയ അക്രമങ്ങളുടെ പേരിൽ ഞാൻ പശ്ചാത്തപിക്കുന്നു. ബ്രിട്ടീഷ് ഭരണഘടനയും നിയമങ്ങളും ഞാൻ കഴിവിന്റെ പരമാവധി അനുസരിക്കും. ബ്രിട്ടീഷ് ഭരണകൂടം കൊണ്ടുവരുന്ന ഭരണപരിഷ്കരണ ശ്രമങ്ങൾ വിജയിപ്പിക്കാൻ ഞാൻ ഉത്സാഹിക്കുന്നതാണ്.'

1919ൽ മൊണ്ടേഗു ചെംസ് ഫോർഡിന്റ ഭരണപരിഷ്കാര നിർദശങ്ങൾ വിജയിപ്പിക്കുന്നതിന് വേണ്ടി പ്രവർത്തിക്കും എന്നായിരുന്നു സവർക്കർ ഈ കത്തിൽ ഉറപ്പുനൽകിയത്. ഗാന്ധിജിയും ഇന്ത്യൻ നാഷണൽ കോൺഗ്രസും തള്ളിക്കളഞ്ഞതായിരുന്നു ഈ ശിപാർശകൾ. ഈ മാപ്പപേക്ഷയുടെ അടിസ്ഥാനത്തിൽ ബോംബെ പ്രവിശ്യയിലെ രത്നഗിരി ജില്ലയിൽ താമസിക്കണമെന്നും അനുമതി വാ

ങ്ങാതെ ജില്ല വിട്ടു പോകരുതെന്നും ഉള്ള ഉപാധിയോടെ ബ്രിട്ടീഷ് ഗവൺമെന്റ് സവർക്കറെ ജയിലിൽ നിന്ന് വിട്ടയച്ചു. സർക്കാർ അനുമതിയില്ലാതെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്ന മറ്റൊരു നിർദേശം കൂടി അദ്ദേഹം ഏറ്റെടുത്തു. 1937ൽ ബോംബെയിൽ കോൺഗ്രസ് മന്ത്രിസഭ അധികാരമേൽക്കുന്നതുവരെ ഈ വ്യവസ്ഥകൾ നിലനിന്നു. 1937ൽ അദ്ദേഹം ഹിന്ദു മഹാസഭയുടെ അധ്യക്ഷസ്ഥാനം ഏറ്റെടുത്തു. ബ്രിട്ടീഷ് അധികാരികളുടെ മുമ്പാകെയുള്ള നിരുപാധികമായ ഈ കീഴടങ്ങൽ മൂടിവച്ചുകൊണ്ടാണ് ഹിന്ദുത്വ ശക്തികൾ സവർക്കർക്ക് വീര പദവിയും ധീരദേശാഭിമാനിയുടെ പരിവേഷവും നൽകാൻ ശ്രമിക്കുന്നത്. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന ബ്രിട്ടീഷ് നയം നടപ്പിലാക്കാൻ സവർക്കറെ കരുവാക്കുകയായിരുന്നുവെന്ന് ഫ്രണ്ട്‌ലൈനിലെ ലേഖനത്തിലൂടെ ദുബെയും രാമകൃഷ്ണനും അഭിപ്രായപ്പെടുന്നുണ്ട്. 1937ന് ശേഷം സവർക്കറുടെ സമീപനം മിക്കവാറും എല്ലാ കാര്യങ്ങളിലും ഗാന്ധി നേതൃത്വം നൽകിയ ദേശീയപ്രസ്ഥാനത്തിന്റെതിന് വിരുദ്ധമായിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. 1942ൽ ക്വിറ്റ് ഇന്ത്യാ സമരകാലത്ത് സർക്കാർ ജീവനക്കാരോട് ഉദ്യോഗം രാജിവെക്കാൻ ഗാന്ധി ആഹ്വാനം ചെയ്തപ്പോൾ സവർക്കർ പ്രതികരിച്ച രീതി ഇതിന് നല്ലൊരു ഉദാഹരണമാണ്.

ഹിന്ദു പ്രസ്ഥാനത്തിലെ ഒരാളും രാജിവയ്ക്കരുതെന്നും അവർ അവരുടെ ഔദ്യോഗിക കർമങ്ങൾ ശുഷ്കാന്തിയോടെ നിറവേറ്റണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ശാസന. 1942 ആഗസ്റ്റ് 31ന് ഹിന്ദു മഹാസഭയുടെ വർക്കിംഗ് കമ്മിറ്റി ഇതേ രൂപത്തിൽ ഒരു പ്രമേയവും പാസാക്കുകയുണ്ടായി. സവർക്കറുടെ അനുയായികൾക്ക് മഹാത്മാഗാന്ധിയെ ഒരു കാലത്തും അംഗീകരിക്കാനാവില്ല എന്നർഥം. മോഹൻ ഭാഗവതിന്റെ ഗാന്ധി പ്രശംസയെ സമൂഹമാധ്യമ ഭാഷയിലെ ട്രോളായി മാത്രമെ കാണാനാകൂ.

### ആർഎസ്എസിന്റെ സേവനം

ബിജെപിക്ക് അധികാരമുള്ള സംസ്ഥാനങ്ങളിലെ ചരിത്ര പുസ്തകങ്ങളിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്ന ഒരു കാര്യമാണ് രാഷ്ട്ര നിർമിതിയിലും സ്വാതന്ത്ര്യസമരത്തിലും ആർഎസ്എസിന് പങ്കുണ്ടെന്ന അവകാശവാദം. പ്രമുഖ രാഷ്ട്രീയ നിരീക്ഷകനായ ലജ്പത് റായിയുടെ അഭിപ്രായത്തിൽ ആർഎസ്എസ് ഒരു പ്രസ്ഥാനം എന്ന നിലയിൽ ഒരുകാലത്തും ഏതെങ്കിലും ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽ പങ്കെടുത്തിട്ടില്ല. അൽപകാലം സമര രംഗത്ത് ഉണ്ടായിരുന്ന ഹെഡ്ഗേവാർ പോലും 1931ൽ പിന്മാറുകയാണ് ചെയ്തത്. പിന്നീട് ഒരിക്കലും അദ്ദേഹം പ്രക്ഷോഭങ്ങളിൽ പങ്കെടുത്തിരുന്നില്ല. സ്വാതന്ത്ര്യ സമരത്തോടുള്ള ഈ നിസ്സഹകരണത്തിന് കാരണം എംഎസ് ഗോൾവാൾക്കർ തന്നെ വിശദീകരിക്കുന്നുണ്ട്.




ബ്രിട്ടീഷുകാർക്ക് എതിരായ പ്രക്ഷോഭം പിന്തിരിപ്പൻ നടപടിയാണെന്നും ദേശീയ സമരം കോൺഗ്രസ് കേവലം ബ്രിട്ടീഷ് വിരുദ്ധ സമരമായി മാറ്റുകയാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ ആക്ഷേപം. അദ്ദേഹം എഴുതുന്നത് ഇങ്ങനെയാണ്: “ബ്രിട്ടീഷ് വിരോധിയാകുന്നതാണ് ദേശീയത എന്നും അതാണ് രാജ്യസ്നേഹം എന്നും ചിലർ കരുതുന്നു. ഈ പിന്തിരിപ്പൻ നിലപാട് സ്വാതന്ത്ര്യസമരത്തിനും അതിന് നേതൃത്വം നൽകുന്നവർക്കും സാധാരണക്കാർക്കും ഒരുപോലെ വിനാശകരമാകും.’ ഈ ചിന്താഗതി വച്ചുപുലർത്തുന്നവർക്ക് എങ്ങനെയാണ് ബ്രിട്ടീഷുകാരോട് പൊരുതാൻ ആവുക എന്നത് പ്രസക്തമായ ചോദ്യമാണ്. സംഘപരിവാർ ബ്രിട്ടീഷുകാർക്കെതിരെ ഒരിക്കലും പോരാടിയിട്ടില്ല; അതാണ് സത്യം. ആർഎസ്എസിന്റെ ദേശീയത മുസ്‌ലിം വിരുദ്ധതയാകുന്നു. അതിനാൽ ദേശീയ നേതാക്കൾ മുസ്‌ലിംകളെ പ്രീണിപ്പിക്കുന്നു എന്ന് അവർ നിരന്തരം ആക്ഷേപിച്ചുകൊണ്ടിരുന്നു.

ആർഎസ്എസ് ഒരു സാംസ്കാരിക സംഘടനയായിട്ടാണ് സ്വയം വിശേഷിപ്പിക്കുന്നത്. എന്നാൽ, അതിന്റെ സ്ഥാപന ലക്ഷ്യമായ ഹിന്ദു രാഷ്ട്രീയം (Hindutva) പലപ്പോഴും രാഷ്ട്രീയവും വർഗീയവുമായ സംഘർഷങ്ങൾക്ക് കാരണമായിട്ടുണ്ട്. ആർഎസ്എസിന്റ സ്ഥാപിത താൽപര്യങ്ങളും മറ്റുള്ളവരോടുള്ള അവരുടെ സമീപനവും ഇന്ത്യയുടെ സംസ്കാരത്തെയും പൈതൃകത്തെയും തകർക്കുന്നതാണ്. എന്നിട്ടും അതിനെ സാമാന്യവൽകരിക്കാൻ ഇന്ത്യയുടെ ഭരണാധികാരികളുടെ ശ്രമങ്ങൾ മതേതര ഇന്ത്യ ആശങ്കയോടെയാണ് കാണുന്നത്.

**വാജ്പേയിയുടെ കിറ്റ് ഇന്ത്യാ സമരം**

ബിജെപിയുടെ സമുന്നതനായ നേതാവ് അടൽ ബിഹാരി വാജ്പേയി കിറ്റിന്ത്യ സമരത്തിൽ പങ്കെടുത്തിരുന്നു എന്ന അവകാശവാദത്തിന്റെ പശ്ചാത്തലവും പരിശോധിച്ചാൽ ഇവരുടെ പങ്ക് വ്യക്തമാകും.

അദ്ദേഹം പ്രധാനമന്ത്രിയായിരിക്കെ എഴുതിയ ലേഖനത്തിൽ കിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തതായി അവകാശപ്പെടുന്നുണ്ട്. പത്രപ്രവർത്തകരായ മാനിനി ചാറ്റർജിയും വികെ രാമചന്ദ്രനും ഈ അവകാശവാദത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുകയുണ്ടായി. വാജ്പേയിയുടെ അവകാശവാദം തെറ്റായിരുന്നുവെന്ന് അവർ സമർഥിക്കുന്നുണ്ട്. 1998 ഫെബ്രുവരി 20ന് ഇറങ്ങിയ ഫ്രണ്ട് ലൈൻ വാരികയിൽ അവരുടെ അന്വേഷണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ബടേശ്വരിയിൽ ഒരുകൂട്ടം പ്രവർത്തകർ ഒത്തുകൂടുകയും ഒരു സർക്കാർ ഓഫീസ് തകർക്കുകയും ചെയ്തതാണ് ഇതിന്റെ പശ്ചാത്തലം. പോലീസ് അവിടെ കൂടിയവരുടെ പേരിൽ കേസെടുത്തപ്പോൾ കാണിയായി അവിടെ എത്തിയിരുന്ന വാജ്പേയിയെയും പ്രതിയാക്കി ജയിലിലടച്ചു. യുവാവായ അടൽ ബിഹാരി വാജ്പേയ് അന്ന് ആർഎസ്എസിന്റെ സജീവ പ്രവർത്തകനായിരുന്നു. ഇത്തരം കുറ്റകൃത്യങ്ങളെ ബ്രിട്ടീഷ് ഭരണകൂടം ഉരുക്കുമുഷ്ടി ഉപയോഗിച്ച് അമർച്ച ചെയ്യുന്ന കാലം. ശിക്ഷാനിയമം 149 വകുപ്പനുസരിച്ച് ചാർജ് ചെയ്ത ഈ കേസിൽ കനത്ത ശിക്ഷ ലഭിക്കേണ്ടതായിരുന്നു. എന്നാൽ താൻ സമരത്തിൽ പങ്കെടുത്തിട്ടില്ലെന്നും സഹോദരനോടൊപ്പം ആൾക്കൂട്ടത്തെ കാണാൻ പോയ താൻ കെട്ടിടം തകർക്കുകയോ അതിനെ സഹായിക്കുകയോ ചെയ്തിട്ടില്ലെന്നുമാണ് അദ്ദേഹം കോടതിയിൽ കുറ്റസമ്മതം നടത്തിയത്. പ്രതികൾക്കെതിരായ കേസ് കോടതി മുമ്പാകെ തെളിയിക്കുന്നതിന് ഉതകുന്ന വിധത്തിൽ അന്നവിടെ നടന്ന സംഭവങ്ങളുടെ യഥാർഥ വിവരണമായിരുന്നു വാജ്പേയിയുടെ കുറ്റസമ്മതമൊഴി. ലീലാധർ, മഹുവാൻ എന്നീ പ്രക്ഷോഭകരെ അതിൽ പേരെടുത്ത് പരാമർശിക്കുന്നുണ്ട്. അവർക്ക് അതു കാരണമായി ശിക്ഷ ലഭിക്കുകയും ചെയ്തു. ഇതാണ് അടൽ ബിഹാരി വാജിപേയിയും ദേശീയ പ്രക്ഷോഭവും തമ്മിലുള്ള ബന്ധം.

**ഗാന്ധിവധം ആർഎസ്എസിന്റെ പങ്ക്?**

മഹാത്മാഗാന്ധിയുടെ ഘാതകനായ നാഥുറാം വിനായക് ഗോഡ്സെയുമായി ആർഎസ്എസിന്റെ ബന്ധം പരിശോധിക്കുമ്പോഴാണ് അതിന്റ പിന്നിലെ ദാർശനിക ബലം ബോധിപ്പെടുന്നത്. 1930ലാണ് ഗോഡ്സെ ആർഎസ്എസിൽ ചേരുന്നത്. വളരെ പെട്ടെന്നുതന്നെ അദ്ദേഹം ബൗദ്ധിക പ്രചാരക് ഉയർന്നു.

അടിയുറച്ച ഒരു ഹിന്ദുത്വവാദി എന്ന നിലയിൽ ഗാന്ധിയുടെ അഹിംസ സിദ്ധാന്തത്തോടും അദ്ദേഹം നയിക്കുന്ന പ്രസ്ഥാനങ്ങളോടും ഗോഡ്സെക്ക് ഒട്ടും ആഭിമുഖ്യമുണ്ടായിരുന്നില്ല. ഗാന്ധിയെ കുറിച്ച് അദ്ദേഹത്തിന് ഒട്ടും മതിപ്പും ഉണ്ടായിരുന്നില്ല. ആശയപരവും ദാർശനികവും രാഷ്ട്രീയപരവുമായ വിപരീത ദിശയിൽ നിൽക്കുന്ന ഗാന്ധിജിയോട് അയാൾക്ക് ഒടുങ്ങാത്ത പകയുണ്ടാവുക സ്വാഭാവികം. ഈ വൈകാരികതയ്ക്ക് കാരണം ആർഎസ്എസിന്റ ഹിന്ദുത്വ അജണ്ടയാണെന്നതിൽ തർക്കമുണ്ടാവില്ല.

നാഥുറാം ഗോഡ്സെയുടെ സഹോദരനും കേസിൽ കൂട്ടുപ്രതിയുമായിരുന്ന ഗോപാൽ ഗോഡ്സെ ടൈംസ് ഓഫ് ഇന്ത്യക്ക് അനുവദിച്ച ഒരു അഭിമുഖം ഗാന്ധിവധത്തിലെ ആർഎസ്എസ് ബന്ധം ബോധ്യപ്പെടുത്തുന്നുണ്ട്. അദ്ദേഹം പറയുന്നതിങ്ങനെയാണ്: “മുസ്ലിംകളെ പ്രീണിപ്പിക്കുന്ന ഗാന്ധിയുടെ നയം മുസ്ലിം വിഭജനവാദികൾക്ക് പ്രോത്സാഹനമായി മാറി. ഒടുവിൽ പാക്കിസ്ഥാൻ രൂപീകൃതമാവുകയും ചെയ്തു. സാങ്കേതികമായും തത്ത്വത്തിലും നാഥുറാം ആർഎസ്എസിൽ അംഗമായിരുന്നു. അതിനുവേണ്ടി പ്രവർത്തിക്കുന്നത് നിറുത്തി എന്നത് ശരിയാണ്. എന്നാൽ ആർഎസ്എസ്

അംഗത്വം ഉപേക്ഷിച്ചിരുന്നു എന്ന് കോടതിയിൽ നാഥുറാം മൊഴി നൽകിയത് ആർഎസ്എസ് പ്രവർത്തകർ അറസ്റ്റ് ചെയ്യപ്പെടുന്നത് ഒഴിവാക്കുന്നതിന് തന്നെയായിരുന്നു. ആർഎസ്എസുമായി തനിക്ക് ബന്ധമില്ല എന്നു പറഞ്ഞാൽ താങ്കൾക്ക് അത് ഗുണം ചെയ്യും എന്ന് അവർ പറഞ്ഞപ്പോൾ നാഥുറാം സന്തോഷപൂർവം അതിന് തയ്യാറായി." ഗോപാൽ ഗോഡ്സെയുടെ വാക്കുകളിൽ അവരുടെ അജണ്ടകൾ വ്യക്തമാണ്.

ഗാന്ധി വധം മധുര പലഹാരങ്ങൾ വിതരണം ചെയ്തുകൊണ്ട് ഹിന്ദു മഹാസഭയുടെയും ആർഎസ് എസിന്റെയും പ്രവർത്തകർ ആഘോഷിച്ചു എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

1991 ലെ കലാകൗമുദിയിൽ മലയാളത്തിന്റെ പ്രിയപ്പെട്ട സാഹിത്യകാരൻ ഒ.എൻ വി കുറുപ്പ് എഴുതിയ കുറിപ്പ് ഗാന്ധിവധത്തിലെ ആർഎസ്എസ് ബാന്ധവം വ്യക്തമാക്കുന്നുണ്ട്:

"ഗാന്ധിജി വെടിയേറ്റ് മരിക്കുന്നതിന് ഒരാഴ്ച മുമ്പ് തിരുവനന്തപുരം തൈക്കാട് മൈതാനിയിൽ ആർ. എസ്. എസിന്റെ ഒരു യോഗം നടക്കുന്നു. ഗുരുജി ഗോൾവാൾക്കർ ആയിരുന്നു പ്രഭാഷകൻ. ദേശീയ ഐക്യത്തേയും സ്വാതന്ത്ര്യത്തേയും കുറിച്ച് അദ്ദേഹം എന്ത് പറയുന്നു എന്ന് കേൾക്കാൻ കോളേജിൽ നിന്ന് ഞാനുൾപ്പെടെ ഒരു ചെറിയ സംഘം തൈക്കാട്ടേക്ക് പോയി.

രണ്ടാഴ്ച കഴിഞ്ഞ് ഒരു ദിവസം കോളേജിൽനിന്ന് ഹോസ്റ്റലിൽ എത്തിയപ്പോഴാണ് ഗാന്ധിജി വെടിയേറ്റ് മരിച്ച വിവരം അറിയുന്നത്. കനത്ത ദുഃഖത്തോടെ തൈക്കാട് മൈതാനത്തിന് സമീപം ഞങ്ങൾ നടന്നുപോകുമ്പോൾ അതിനടുത്ത് ഒരു ആർ. എസ്. എസുകാരന്റെ വീട്ടിൽ മധുര പലഹാരം വിതരണം ചെയ്യുന്നത് കണ്ട് അക്രമത്തിന് തുനിഞ്ഞ ഞങ്ങളെ വരദരാജൻ നായർ സമാധാനിപ്പിച്ച് കറുത്ത ബാഡ്ജ് ധരിപ്പിച്ച് ഒരു മൗനജാഥയാക്കി മാറ്റി. വർഷങ്ങൾക്ക് ശേഷം ഇന്നും ഗോൾവാൾക്കരുടെ പ്രസംഗവും മധുര പലഹാര വിതരണവും എന്റെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന ഓർമ്മയായി അവശേഷിക്കുന്നു."

**കലാപങ്ങളിലെ ആർഎസ്എസ് രാഷ്ട്രീയം**

രാജ്യത്തെ സമാധാനവും സ്വൈര്യവും തകർത്തുകൊണ്ട് ആർഎസ്എസ് നടത്തിയിട്ടുള്ള അക്രമ പരമ്പര അവരുടെ വെറുപ്പിന്റെ ആഴം ബോധ്യപ്പെടുത്തുന്നു.

*മഹാത്മാഗാന്ധിയുടെ വധം (1948)*

ഗാന്ധി വധം (1948) അതിലെ ഭീകരമായ ഒന്നാണ്. മഹാത്മാഗാന്ധിയെ വധിച്ചത് ആർഎസ്എസ് പ്രവർത്തകനായിരുന്ന നാഥുറാം വിനായക് ഗോഡ്സെ ആയിരുന്നു.

*ബാബരി മസ്ജിദ് തകർക്കൽ*

ബാബരി മസ്ജിദ് തകർക്കലും അനുബന്ധ കലാപങ്ങളും (1992-1993) ഇന്ത്യുടെ ചരിത്രത്തിലെ ഏറ്റവും കറുത്ത ഒരധ്യായമാണ്. 1992 ഡിസംബർ 6ന് ഉത്തർപ്രദേശിലെ അയോധ്യയിലെ ബാബരി മസ്ജിദ് കർസേവകർ തകർത്തു. ആർഎസ്എസിന്റെയും അനുബന്ധ സംഘടനകളായ വിശ്വഹിന്ദു പരിഷത്ത് (VHP), ബജ്റംഗ് ദൾ, ഭാരതീയ ജനതാ പാർട്ടി (BJP) എന്നിവയുടെ നേതാക്കളും പ്രവർത്തകരും തകർത്ത സംഭവത്തിൽ പങ്കെടുത്തു.

ഇതിനെത്തുടർന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂക്ഷമായ വർഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. മുംബൈയിൽ നടന്ന കലാപങ്ങളിൽ ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും പരിക്കേൽക്കുകയും ചെയ്തു. ഈ സംഭവത്തെത്തുടർന്നു ആർഎസ്എസിനെ കേന്ദ്രസർക്കാർ നിരോധിച്ചിരുന്നു.

*ഗുജറാത്ത് കലാപം (2002)*

ഗുജറാത്തിലെ ഗോധ്രയിൽ സബർമതി എക്സ്പ്രസിന് തീയിട്ടതിനെത്തുടർന്ന് ഗുജറാത്തിൽ വലിയ തോതിൽ വർഗീയ കലാപങ്ങൾ അരങ്ങേറി.

ഈ കലാപങ്ങളിൽ ആർഎസ്എസ്, വിശ്വഹിന്ദു പരിഷത്ത്, ബജ്റംഗ് ദൾ തുടങ്ങിയ സംഘപരിവാർ സംഘടനകൾക്ക് പങ്കുണ്ടെന്ന് നിരവധി അന്വേഷണ റിപ്പോർട്ടുകളിലും മനുഷ്യാവകാശ സംഘടനകളുടെ റിപ്പോർട്ടുകളിലും വ്യക്തമാക്കുന്നുണ്ട്.

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ നടന്ന നിരവധി വർഗീയ കലാപങ്ങളിൽ, ജബൽപൂർ കലാപം (1961), അഹമ്മദാബാദ് കലാപം (1969), ഭഗൽപൂർ കലാപം (1989) തുടങ്ങിയ സംഭവങ്ങളിൽ ആർഎസ്എസ്, അതിന്റെ രാഷ്ട്രീയ മുഖമായ അന്നത്തെ ഭാരതീയ ജനസംഘം, അനുബന്ധ സംഘടനകൾ എന്നിവയുടെ പങ്ക് വിവിധ അന്വേഷണ കമ്മീഷനുകളിലും പാർലമെന്ററി ചർച്ചകളിലും വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്.

ജംഷഡ്പൂർ കലാപത്തെക്കു

റിച്ച് അന്വേഷിച്ച ജസ്റ്റിസ് ജിതേന്ദ്ര നാരായൺ കമ്മീഷൻ റിപ്പോർട്ടിൽ (1979) കലാപം ആളിക്കത്തിക്കുന്നതിൽ ആർഎസ്എസിന്റെ പങ്ക് പരാമർശിക്കുന്നുണ്ട്.

**ക്രൈസ്തവർക്കും മറ്റു ന്യൂനപക്ഷങ്ങൾക്കുമെതിരായ ആക്രമണങ്ങൾ**

1990കളുടെ അവസാനത്തിലും 2000ത്തിന്റെ തുടക്കത്തിലും ഒഡീഷയിലെയും ഗുജറാത്തിലെയും ക്രൈസ്തവർക്ക് നേരെയുണ്ടായ ആക്രമണങ്ങളിൽ ആർഎസ്എസ് അനുബന്ധ സംഘടനകളായ വിഎച്ച്പി, ബജ്റംഗ് ദൾ എന്നിവയുടെ പങ്ക് ഹ്യൂമൻ റൈറ്റ്സ് വാച്ച് പോലുള്ള അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാണ്ഡമാൽ കലാപം (2008) പോലുള്ള സംഭവങ്ങളിലും സംഘപരിവാർ സംഘടനകളുടെ പങ്ക് ആരോപിക്കപ്പെട്ടു. സമീപ വർഷങ്ങളിൽ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെ നടക്കുന്ന ആൾക്കൂട്ട ആക്രമണങ്ങളിലും ആർഎസ്എസ് സ്വാധീനമുള്ള തീവ്ര ഹിന്ദുത്വ ഗ്രൂപ്പുകളുടെ പങ്ക് വ്യക്തമാണ്.

ആർഎസ്എസ് ഒരു സാംസ്കാരിക സംഘടനയായിട്ടാണ് സ്വയം വിശേഷിപ്പിക്കുന്നത്. എന്നാൽ, അതിന്റെ സ്ഥാപന ലക്ഷ്യമായ ഹിന്ദു രാഷ്ട്രീയം (Hindutva) പലപ്പോഴും രാഷ്ട്രീയവും വർഗീയവുമായ സംഘർഷങ്ങൾക്ക് കാരണമായിട്ടുണ്ട്. ആർഎസ്എസിന്റ സ്ഥാപിത താൽപര്യങ്ങളും മറ്റുള്ളവരോടുള്ള അവരുടെ സമീപനവും ഇന്ത്യയുടെ സംസ്കാരത്തെയും പൈതൃകത്തെയും തകർക്കുന്നതാണ്. എന്നിട്ടും അതിനെ സാമാന്യവൽകരിക്കാൻ ഇന്ത്യയുടെ ഭരണാധികാരികളുടെ ശ്രമങ്ങൾ മതേതര ഇന്ത്യ ആശങ്കയോടെയാണ് കാണുന്നത്. ബ്യൂറോക്രസിയെയും പരിപൂർണമായി വിഴുങ്ങുന്ന വിധം ഉദ്യോഗതലവൻമാർ അവരുടെ വികൃതമുഖം വെളിവാക്കിക്കൊണ്ടിരിക്കുന്നു. മുൻ ഡിജിപി ജേക്കബ് തോമസ് ഗണവേഷമണിഞ്ഞ് രംഗത്ത് വന്നിരിക്കുന്നു. മുൻ ഡിജിപിമാരായ ആർ ശ്രീലേഖ ഉൾപ്പെടെയുള്ളവരുടെ രംഗപ്രവേശം ആശങ്കയോടെയാണ് രാജ്യസ്നേഹികൾ നോക്കിക്കാണുന്നത്.




ഡോ. ടി. കെ. യൂസുഫ്
: 9349798262

ഗോളശാസ്ത്രത്തിലെ രണ്ട് അത്ഭുത പ്രതിഭാസങ്ങളാണ് വാൽനക്ഷത്രവും തമോഗർത്തവും. ഈ രണ്ട് പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളെ കുറിച്ച് ഖുർആൻ സൂറതുത്തക്‌വീർ 15,16 വചനങ്ങളിലൂടെ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത സൂക്തത്തിലെ അൽഖുന്നസ് (الْخُنَّس), അൽകുന്നസ് (الْكُنَّس) എന്നീ പദങ്ങൾക്ക് പൂർവികരായ വ്യാഖ്യാതാക്കൾ നക്ഷത്രങ്ങൾ എന്ന അർഥമാണ് നൽകിയിട്ടുണ്ട്. ഗോളശാസ്ത്രം ഇത്രയൊന്നും വികാസം പ്രാപിചിട്ടില്ലാത്ത ഒരു കാലത്ത് ആ അർഥമായിരിക്കും മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ ഭാഷാപരമായും ശാസ്ത്രീയമായും 'അൽഖുന്നസ്' എന്ന പദത്തിന് ഏറ്റവും അനുയോജ്യമായ അർഥം വാൽനക്ഷത്രം എന്നാണ്. 'അൽകുന്നസ്' എന്ന പദത്തിന് അനുയോജ്യമായ അർത്ഥം തമോഗർത്തവുമാണ്.

'ഖന്നസ' (خَنَّسَ) എന്ന അറബി പദത്തിന് 'ഒളിഞ്ഞിരിക്കുക,' 'അപ്രത്യക്ഷ്യമാകുക,' 'പിൻമാറുക' എന്നീ അർഥങ്ങളാണുള്ളത്. മനുഷ്യമനസ്സുകളിൽ ദുർബോധനം നടത്തി പിൽമാറുന്ന പിശാചുക്കൾക്ക് അൽഖന്നാസ് (الخَنَّاس) എന്ന പേരു വന്നത് ഈ അർഥത്തിലാണ്. നക്ഷത്രങ്ങൾ പകലിൽ അപ്രത്യക്ഷമാകുന്നത് കൊണ്ടാണ് പൂർവികരായ ഖുർആൻ വ്യാഖ്യാതാക്കൾ 'ഖുന്നസ്' എന്ന പദത്തിന് 'നക്ഷത്രങ്ങൾ' എന്ന് അർഥം നൽകിയത്. എന്നാൽ ഇടയ്ക്ക് വെളിപ്പെടുകയും അധിക സമയവും ഒളിഞ്ഞിരിക്കുകയും ചെയ്യുന്ന വാൽ നക്ഷത്രങ്ങൾക്കാണ് ഈ പദം ഏറ്റവും അനുയോജ്യമായിട്ടുള്ളത്.

'അൽകുന്നസ്' എന്ന പദത്തിന് പൂർവികരായ വ്യാഖ്യാതാക്കൾ നൽകിയ അർഥം നക്ഷത്രങ്ങൾ എന്നുതന്നെയാണ്. എന്നാൽ ഭാഷാപരമായി ഈ പദം ഏറ്റവും യോജിക്കുന്നത് തമോഗർത്തങ്ങൾക്കാണ്. 'കനസ' (كَنَسَ) എന്ന അറബി പദത്തിന് 'തുടച്ചുനീക്കുക,' 'അടിച്ചുവാരുക' എന്നീ അർഥങ്ങളാണ് പ്രാഥമികമായുള്ളത്. തൂത്തുവാരുന്ന ചൂലിന് അറബിയിൽ ഇതേ ധാതുവിൽനിന്നുള്ള 'മിക്നസത്' (مِكْنَسَة) എന്ന പദമാണു

ക്വുർആനിലെ പ്രപഞ്ച വിസ്മയങ്ങൾ 04



# വാൽനക്ഷത്രങ്ങളും തമോഗർത്തങ്ങളും

പയോഗിക്കുന്നത്. ചില മൃഗങ്ങൾ അവയുടെ കൂട്ടിൽ ഒളിക്കുന്നതിനും 'കനസ്' എന്ന പദം ഉപയോഗിക്കാറുണ്ട്. അതുകൊണ്ട് തന്നെ മാൻ പോലുള്ള മൃഗങ്ങളുടെ കൂടിന് 'കന്നാസ്' എന്ന പദം പ്രയോഗിക്കാറുണ്ട്. തമോഗർത്തങ്ങൾ അതിന്റെ ആകർഷണ പരിധിയിൽ വരുന്ന സകലതിനെയും അടിച്ചുവാരി അകത്താക്കുന്നതുകൊണ്ട് പ്രപഞ്ച വിജ്ഞാനത്തിൽ 'അൽകന്നാസ്' എന്ന പദം എല്ലാ അർഥത്തിലും അനുയോജ്യമായിട്ടുള്ളത് തമോഗർത്തങ്ങൾക്കാണ്.

തമോഗർത്തങ്ങൾ എന്ന പേര് അവയ്ക്ക് ലഭിക്കാനുള്ള കാരണം അവയുടെ പരിധിയിലുള്ള സകല വസ്തുക്കളെയും അവ അകത്താക്കുന്നതാണ്. പ്രകാശ കിരണങ്ങൾ പോലും അതിൽനിന്ന് രക്ഷപ്പെടുകയില്ല. അതുകൊണ്ട് അവ സദാ ഇരുളടഞ്ഞതായിരിക്കും. സെക്കന്റിൽ ഏകദേശം മൂന്ന് ലക്ഷം കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്ന പ്രകാശത്തിന് പോലും രക്ഷപ്പെടാൻ കഴിയാത്തവിധം ശക്തമാണ് അവയുടെ ആകർഷണശക്തി.

ഭൂമിയിൽനിന്ന് ഒരു കല്ലെടുത്ത് എറിഞ്ഞാൽ അത് താഴോട്ട് തന്നെ വരും. എന്നാൽ സെക്കന്റിൽ 11.2 കിലോമീറ്റർ വേഗത്തിലാണ് അത് എറിയുന്നതെങ്കിൽ അത് ഭൂമിയുടെ ആകർഷണ ശക്തി ഭേദിച്ച് പുറത്ത് കടക്കും. അതുപോലെ ചന്ദ്രനിൽനിന്ന് ഒരു കല്ല് സെക്കന്റിൽ 2.4 കിലോമീറ്റർ വേഗതിയിലെറിഞ്ഞാലും അത് തിരിച്ചുവരികയില്ല. എന്നാൽ തമോഗർത്തത്തിന്റെ പരിധിയിൽ ഒരു സെക്കന്റിൽ മൂന്ന് ലക്ഷം കിലോമീറ്റർ വേഗതയിലുള്ള കല്ലെറിഞ്ഞാലും അത് വലിച്ചെടുക്കും. തമോഗർത്തങ്ങൾ ഇത്രയധികം ആകർഷണ ശക്തിയോടുകൂടി വസ്തുക്കളെ അടിച്ച് അകത്താക്കുന്നതുകൊണ്ടാണ് ഇവയ്ക്ക് 'കനസ' (كَنَسَ) എന്ന പദത്തിന്റെ അത്യന്ത വിശേഷണമായ 'അൽകുന്നസ്' (الْكُنَّس) എന്ന പദം പ്രയോഗിച്ചത്. അൽഖുന്നസ്, അൽകുന്നസ് എന്നീ പദങ്ങൾ ഭാഷാപരമായും ആശയപരമായും ധൂമകേതുക്കൾക്കും തമോഗർത്തങ്ങൾക്കും അനുയോജ്യമാകുന്നതുകൊണ്ട് ആധുനിക ക്വുർആൻ വ്യാഖ്യാതാക്കളെല്ലാം ഈ അർഥം നൽകുന്നത് അനുവദനീയമാണെന്നാണ് അഭിപ്രായപ്പെടുന്നത്.

നക്ഷത്രങ്ങളുടെ ജീവിത ഘട്ടത്തിന്റെ അവസാനത്തിലാണ് അത് തമോഗർത്തമായി പരിണമിക്കുന്നത്. എല്ലാ നക്ഷത്രങ്ങൾക്കും ഈ പരിണാമം സംഭവിക്കുകയില്ല. വലിയ ആകാരമുള്ള നക്ഷത്രങ്ങൾ മാത്രമെ ഇങ്ങനെ പരിണമിക്കുകയുള്ളൂ. ചെറിയ നക്ഷത്രങ്ങൾ കെട്ടടങ്ങുക മാത്രമാണ് ചെയ്യുന്നത്. സൂര്യൻ പോലും തമോഗർത്തമാകാതെ നിഷ്പ്രഭമാകുകയാണ് ചെയ്യുക. തമോഗർത്തങ്ങൾക്ക് സൂര്യനെക്കാളും മില്യൺ കണക്കിന് ഇരട്ടി വലിപ്പമുണ്ടാകും. തമോഗർത്തങ്ങളുടെ രണ്ട് പ്രധാന വിശേഷണങ്ങളിൽ ഒന്ന് അവ സകല വസ്തുക്കളെയും അടിച്ചകത്താക്കുന്നതും രണ്ടാമത്തേത് അത് ചലിച്ചു കൊണ്ടിരിക്കുന്നതുമാണ്. 'അൽജവാരിൽ കുന്നസ്' (الْجَوَارِ الْكُنَّس) എന്ന പ്രയോഗത്തിലൂടെ ക്വുർആൻ ഈ രണ്ട് സ്വഭാവങ്ങളും വിശദീകരിക്കുന്നുണ്ട്.

*(തുടരും)*

ആരിഫ് ബുസ്താനി



# രിവായത്ത് അഥവാ നിവേദനം

ഹദീസ് വിജ്ഞാനീയത്തിലെ പ്രധാനഭാഗമാണ് രിവായത്ത് അഥവാ നിവേദനം. നബി (സ്വ)യിൽ നിന്നുള്ള ഹദീസുകൾ റിപ്പോർട്ട് ചെയ്യുന്നതിനാണ് രിവായത്ത് എന്നു പറയുന്നത്. ഹദീസ് ലഭിക്കുന്ന സ്വഹാബി മറ്റു സ്വഹാബികൾക്കും താബിഉകൾക്കും അവർ അടുത്ത തലമുറക്കും അങ്ങനെ, തലമുറയായി കൈമാറിക്കൈമാറി അവസാനം അത് ഹദീസ് സമാഹർത്താവി (മുഹദ്ദിസ്)ന്റെ അടുത്തെത്തുന്നു. ഇതിനിടയിൽ വരുന്ന ഓരോ വ്യക്തിയുടെയും ശൃംഖലയാണ് സനദ് (ശ്രേണി). അതിലുള്ള വ്യക്തികളാണ് റാവി(നിവേദകർ)മാർ.

ഹദീസ് നിവേദനം സ്വീകാര്യമാവാൻ നിവേദനത്തിനും നിവേദകന്മാർക്കും അനിവാര്യമായുണ്ടാകേണ്ട നിരവധി നിബന്ധനകൾ ഹദീസ് സമാർഹർത്താക്കളായ മുഹദ്ദിസുകൾ വെച്ചിട്ടുണ്ട്. തലനാരിഴ കീറിയ ചർച്ചകളാണ് തങ്ങളുടെ ഗ്രന്ഥങ്ങളിലവർ നടത്തിയിട്ടുള്ളത്.

ഒരാൾ മതബോധമുള്ളവനും സത്യസന്ധനുമാണെങ്കിലും അയാൾ പണ്ഡിതന്മാർ മുന്നോട്ട് വെച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചിട്ടില്ലെങ്കിൽ അയാളുടെ നിവേദനം സ്വീകാര്യമല്ല. പ്രസിദ്ധനായ ഒരു താബിഈ പണ്ഡിതന്റെ വാക്ക് ഇങ്ങനെയാണ്: 'ഹദീസ് വിജ്ഞാനം ദീനാണ്. അതിനാൽ ആരിൽനിന്നാണ് ആ ദീൻ സ്വീകരിക്കുന്നതെന്ന് നിങ്ങൾ ഗവേഷണം നടത്തുക.' അശ്രദ്ധരും മനഃപാഠമാക്കാൻ കഴിവില്ലാത്തവരുമായവരിൽ ചില നല്ല വ്യക്തിത്വങ്ങളുണ്ടാകാം. എന്നിരുന്നാലും അവരിൽനിന്ന് ഹദീസ് സ്വീകരിക്കുന്നത് ഉചിതമല്ല.

മുസ്‌ലിമല്ലാത്ത ഒരാളുടെ നിവേദനങ്ങളൊന്നും ഹദീസായി പരിഗണിക്കില്ല. ഇസ്‌ലാമിക വിശ്വാസ-കർമങ്ങളിൽ തികഞ്ഞ ബോധ്യമുള്ളയാളും നിയമങ്ങൾ കൃത്യമായി പാലിക്കുന്നവനുമാകണം. ഹദീസ് നിവേദനം തികച്ചും മതപരമായ കാര്യമാണ്. അതുകൊണ്ട് മുസ്‌ലിമിനെ മാത്രമെ നിവേദകനായി പരിഗണിക്കാനാവൂ.

വകതിരിവുണ്ടാകുക എന്ന നിബന്ധനയും പണ്ഡിതന്മാർ വെച്ചിട്ടുണ്ട്. കാരണം, ഹദീസ് നിവേദകന് പ്രായപൂർത്തിയാകാതിരിക്കുക, ബുദ്ധിയുറക്കാതിരിക്കുക പോലുള്ളവ ഹദീസ് നിവേദനത്തെയും ഹദീസിനെയും ബാധിക്കാനിടയുണ്ട്. അക്കാരണത്താൽ ഭ്രാന്തന്മാരിൽനിന്നും കുട്ടികളിൽനിന്നും ഹദീസ് സ്വീകരിക്കില്ല. പ്രായം തികയുന്നതിനു മുമ്പ് ഹദീസ് മനഃപാഠമാക്കി, പ്രായം തികഞ്ഞതിനുശേഷമാണ് നിവേദനം ചെയ്തതെങ്കിൽ ഹദീസ് സ്വീകരിക്കുന്നതിൽ കുഴപ്പമില്ല. ഇബ്നു അബ്ബാസ്(റ) ഇക്കൂട്ടത്തിലാണ്.

ജീവിതവിശുദ്ധി (അദാലഃ) ഒരു നിബന്ധനയാണ്. അല്ലാഹുവിന്റെ കൽപനകളും നിരോധങ്ങളും പാലിക്കാത്തവർ, വൻപാപങ്ങളും ചെറുപാപങ്ങളും ചെയ്യുന്നവർ, സത്യസന്ധരും വിശുദ്ധരുമല്ലാത്തവർ, പുത്തനാചാര(ബിദ്അത്ത്)ങ്ങളിൽ രമിക്കുന്നവർ എന്നിവരിൽനിന്നൊന്നും നിവേദനങ്ങൾ സ്വീകാര്യമല്ല. പരിധിവിട്ട് തമാശ പറയുക, മാന്യതയില്ലാതെ ജീവിക്കുക, വഴിയിൽ മൂത്രമൊഴിക്കുക, നിസ്സാരവസ്തുക്കൾ കട്ടെടുക്കുക എന്നതൊക്കെ ഹദീസ് നിവേദകനെ ബാധിക്കുന്ന കുറ്റങ്ങളാണ്.

കൃത്യത(ദ്വബ്ത്) മറ്റൊരു നിബന്ധനയാണ്. അതായത് ഹദീസ് ഹൃദിസ്ഥമാക്കുക, അല്ലെങ്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുക പോലുള്ളവയിൽ കൃത്യതയില്ലെങ്കിൽ അദ്ദേഹത്തിന്റെ നിവേദനം സ്വീകാര്യമല്ല.

ഇനി, ഒരാൾ മതബോധമുള്ളവനും സത്യസന്ധനുമാണെങ്കിലും അയാൾ പണ്ഡിതന്മാർ മുന്നോട്ട് വെച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചിട്ടില്ലെങ്കിൽ അയാളുടെ നിവേദനം സ്വീകാര്യമല്ല. പ്രസിദ്ധനായ ഒരു താബിഈ പണ്ഡിതന്റെ വാക്ക് ഇങ്ങനെയാണ്: 'ഹദീസ് വിജ്ഞാനം ദീനാണ്. അതിനാൽ ആരിൽനിന്നാണ് ആ ദീൻ സ്വീകരിക്കുന്നതെന്ന് നിങ്ങൾ ഗവേഷണം നടത്തുക.' അശ്രദ്ധരും മനഃപാഠമാക്കാൻ കഴിവില്ലാത്തവരുമായവരിൽ ചില നല്ല വ്യക്തിത്വങ്ങളുണ്ടാകാം. എന്നിരുന്നാലും അവരിൽനിന്ന് ഹദീസ് സ്വീകരിക്കുന്നത് ഉചിതമല്ല. യഹ്‌യ ബ്നു സഈദിൽ ഖത്വാൻ പറഞ്ഞു: 'എത്രയെത്ര സദ്‌വൃത്തർ; പക്ഷേ, അവർ ഹദീസ് ഉദ്ധരിക്കാതിരിക്കുന്നതാണ് ഉത്തമം.' ഇതായിരുന്നു പണ്ഡിതന്മാരുടെ നിലപാട്. ജീവിത വിശുദ്ധിക്കൊപ്പം കൃത്യതയും അവർ ഗൗരവത്തോടെ കണ്ടിരുന്നു.

ഹദീസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പദങ്ങളിൽ (ലഫ്ള്) മാത്രമല്ല, അക്ഷരങ്ങളിൽ (ഹർഫ്) പോലും സൂക്ഷ്മത പുലർത്തണമെന്ന് പണ്ഡിതന്മാർ ഉണർത്തിയിട്ടുണ്ട്. പദാനുപദ റിപ്പോർട്ട് ഒഴിവാക്കി ഹദീസിന്റെ ആശയം ഉദ്ധരിക്കുന്നത് ശരിയല്ലെന്നാണ് ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം. ആശയം ഉദ്ധരിക്കാമെന്നു പറയുന്നവർ തന്നെ പല വിധ നിബന്ധനകളും വെച്ചിട്ടാണ് അത് അനുവദിച്ചിട്ടുള്ളത്. പദങ്ങളുടെ ആന്തരികസത്തയും ചൈതന്യവും തിരിയുന്നവർക്ക് അതാവാം. സംബോധനയുടെ സ്വഭാവവും പദങ്ങളുടെ പ്രത്യേകതകളും അറിയാത്തവർ ആശയം ഉദ്ധരിക്കുന്നത് നല്ലത

> ‘ഞാൻ ഇന്ന വ്യക്തിക്ക് ഇന്ന ഗ്രന്ഥം റിപ്പോർട്ട് ചെയ്യാൻ അനുമതി നൽകിയിരിക്കുന്നു’ എന്നു പറയുന്നതാണ് വസ്വിയ്യത്ത്. യാത്രാമധ്യെയോ മരണക്കിടക്കയിൽ വെച്ചോ മറ്റേതെങ്കിലും അടിയന്തിര സന്ദർഭത്തിലോ ആയിരിക്കാം ഗുരു ഇപ്രകാരം ചെയ്യുന്നത്. വസ്വിയ്യത്തേറ്റെടുത്ത വ്യക്തി അതിന് കളങ്കമേശാത്ത വിധം പ്രവർത്തിക്കൽ നിർബന്ധമാണ്. ഈ വസ്വിയ്യത്ത് സാമ്പത്തിക വസ്വിയ്യത്തുപോലെ തന്നെ നിർണിതമായിരിക്കണം.

ല്ലെന്നാണ് അവരുടെ അഭിപ്രായം. ആരാധനക്ക് വേണ്ടി ഉപയോഗിക്കുന്ന പ്രാർഥനകൾ ഒട്ടും മാറ്റം വരുത്താവതല്ലെന്ന് സകല പണ്ഡിതന്മാരും നിഷ്കർഷിച്ചിട്ടുണ്ട്. ഇമാം മാലിക്, ഖാസിമുബ്നു മുഹമ്മദ്, ഇബ്നു സീരിൻ, റജാഉബ്നു ഹുവയ്യ എന്നീ മഹാന്മാർ പദങ്ങൾതന്നെ വേണമെന്ന് വാദിച്ചവരായിരുന്നു.

**ഹദീസ് സ്വീകരണത്തിന്റെ രീതികൾ**

ഹദീസ് സ്വീകരണം എട്ടു രീതിയിലാണ്. കേൾവി (സിമാഅ്), കേൾപിക്കൽ (ഖിറാഅത്ത്), അനുമതി നൽകൽ (ഇജാസത്ത്), കൈകാര്യാവകാശം നൽകൽ (മുനാവല), എഴുതി നൽകൽ (മുകാതബ), അറിയിക്കൽ (ഇഅ്ലാം), വസ്വിയ്യത്ത്, പകർത്തൽ (വിജാദ) എന്നിവയാണവ. ഇതിൽ ഒന്നാമതായി പറഞ്ഞ ‘സിമാഅ്’ മാത്രമാണ് പൂർവകാലത്ത് ഉണ്ടായിരുന്നത്. ബാക്കി ഏഴെണ്ണം അനിവാര്യമായി പിന്നീട് ഉണ്ടായതാണ്.

**സിമാഅ്**

ഗുരു ഗ്രന്ഥത്തിൽനിന്നോ ഓർമയിൽനിന്നോ ശിഷ്യനെ ഹദീസ് കേൽപിക്കലാണ് സിമാഅ്. ശിഷ്യനത് എഴുതുകയോ മനഃപാഠമാക്കുകയോ ചെയ്യുന്നു.

**ഖിറാഅത്ത്**

ശിഷ്യൻ ഓർമയിൽനിന്നോ ഗ്രന്ഥങ്ങളിൽനിന്നോ ഗുരുവിനെ ചൊല്ലിക്കേൾപിക്കലാണ് ഖിറാഅത്ത്. സമർപ്പണം (അറള്) എന്നും ഇതിന് പേരുണ്ട്.

**ഇജാസത്ത്**

താൻ തന്റെ ഗ്രന്ഥത്തിലുദ്ധരിച്ചതിൽ (മുഅല്ലഫാത്ത്)നിന്നോ തന്നിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ (മസ്മൂആത്ത്) നിന്നോ നിവേദനം ചെയ്തുകൊള്ളാൻ ഗുരു ശിഷ്യന് നൽകുന്ന അനുവാദമാണ് ഇജാസത്ത്.

**മുനാവല**

ഒരു ഗ്രന്ഥമോ എഴുതപ്പെട്ട രേഖയോ ഗുരു ശിഷ്യന് കൈമാറുകയും അത് തന്റെതായി റിപ്പോർട്ട് ചെയ്യാൻ അനുവദിക്കുകയും ചെയ്യുന്നതാണ് മുനാവല. ഇത് വിവിധ രൂപത്തിലാകാം:

തന്റെ ഹദീസ് ഗ്രന്ഥമോ അടുക്കലുള്ള രേഖകളോ ഗുരു ശിഷ്യന് നൽകിയിട്ട് പറയുന്നു: ‘ഇനി നീയാണ് ഇതിന്റെ ഉടമസ്ഥൻ, അത് നിവേദനം ചെയ്യാൻ നിനക്ക് ഞാൻ അനുവാദം നൽകുന്നു.’ ഇതാണ് ഒരു രീതി. ഗ്രന്ഥം ശിഷ്യന് നൽകിയിട്ട് നിവേദനം ചെയ്തതിനുശേഷം തിരിച്ചേൽപിക്കണമെന്ന് നിബന്ധന വെക്കുന്നതാണ് മറ്റൊരു രീതി. ഗുരുവിന്റെ രേഖകൾ ശിഷ്യൻ കണ്ടെത്തി ഗുരുവിന്റെ മുമ്പിൽ സമർപ്പിക്കുന്നു. ഗുരു അത് ശ്രദ്ധാപൂർവം പരിശോധിച്ച് നിവേദനം ചെയ്യാൻ അനുവദിക്കുന്നു. ഇതും ഒരു രീതിയാണ്. സമർപ്പിച്ച രേഖ കാര്യമായൊന്നും പരിശോധിക്കാതെ അനുവാദം കൊടുക്കുന്ന മുനാവലയുമുണ്ട്. മുനാവലയിലെ ഏറ്റവും താഴ്ന്ന പടിയിലാണ് ഇതുള്ളത്.

**മുകാതബ**

ഗുരു തന്റെ നിവേദനം സ്വയം എഴുതിയോ മറ്റൊരാളെക്കൊണ്ട് എഴുതിച്ചോ ശിഷ്യന് കൈമാറുന്ന രീതിയാണിത്. ശിഷ്യൻ ദൂരെദിക്കിലാണെങ്കിൽ അയച്ചുകൊടുക്കുന്നതും മുകാതബയുടെ പരിധിയിൽ വരുന്നതാണ്. എഴുതിയോ എഴുതിച്ചോ നൽകിയാൽ പോരാ, റിപ്പോർട്ട് ചെയ്യാനുള്ള അനുവാദം (ഇജാസ) കൂടി നൽകണമെന്നും അഭിപ്രായം വന്നിട്ടുണ്ടെങ്കിലും മുകാതബ തന്നെ ഹദീസ് നിവേദനത്തിന് പര്യാപ്തമാണെന്നതിനാൽ ആ അഭിപ്രായം വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടില്ല. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ദൂരെദിക്കുകളിലുള്ളവരുമായി മുകാതബ മാത്രം നടത്തുകയും അവരത് നിവേദനം ചെയ്യുകയും ചെയ്തതായി ചരിത്രത്തിൽ രേഖയുണ്ട്. എന്നാൽ രണ്ടും കൂടിയായാൽ (മുകാതബ, ഇജാസ) ഹദീസ് കുറച്ചുകൂടി ശക്തമായിരിക്കുമെന്നതിൽ  സംശയമില്ല.

**ഇഅ്ലാം**

ഇന്ന ഗ്രന്ഥമോ ഇന്ന ഹദീസോ തന്റെ നിവേദനത്തിലുണ്ടെന്ന്

ഗുരു ശിഷ്യനെ അറിയിക്കുന്നു. എന്നാൽ നിവേദനം നൽകാനുള്ള അനുവാദം വിലക്കുന്നതായിട്ട് യാതൊരു പരാമർശവും അതിലില്ല. അതാണ് ഇഅ്ലാം. ഹദീസ് നിവദേനം ചെയ്യാനുള്ള അനുവാദമായി മുഹദ്ദിസുകളിൽ ഭൂരിഭാഗവും ഇത് അംഗീകരിച്ചിട്ടുണ്ട്. വിലക്കുന്ന പരാമർശങ്ങൾ എന്തെങ്കിലും അതിലുണ്ടെങ്കിൽ അത് നിവേദനം ചെയ്യൽ സ്വീകർത്താവിന് അനുവാദമില്ല.

**വസ്വിയ്യത്ത്**

'ഞാൻ ഇന്ന വ്യക്തിക്ക് ഇന്ന ഗ്രന്ഥം റിപ്പോർട്ട് ചെയ്യാൻ അനുമതി നൽകിയിരിക്കുന്നു' എന്നു പറയുന്നതാണ് വസ്വിയ്യത്ത്. യാത്രാമധ്യെയോ മരണക്കിടക്കയിൽ വെച്ചോ മറ്റേതെങ്കിലും അടിയന്തിര സന്ദർഭത്തിലോ ആയിരിക്കാം ഗുരു ഇപ്രകാരം ചെയ്യുന്നത്. വസ്വിയ്യത്തേറ്റെടുത്ത വ്യക്തി അതിന് കളങ്കമേശാത്ത വിധം പ്രവർത്തിക്കൽ നിർബന്ധമാണ്. ഈ വസ്വിയ്യത്ത് സാമ്പത്തിക വസ്വിയ്യത്തുപോലെ തന്നെ നിർണിതമായിരിക്കണം.

**വിജാദ**

താനുമായി മുമ്പ് കൂടിക്കാഴ്ച നടത്തി പരിചയമുള്ള ഒരു ഗുരു, സ്വകരം കൊണ്ടെഴുതിയ ഒരു പകർപ്പ് പിന്നീട് ആ വ്യക്തി കണ്ടെത്തുകയും ആ പകർപ്പ് ആ മുഹദ്ദിസിന്റെതാണെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യുന്നതാണ് വിജാദ. ഗുരുവുമായി മുമ്പ് കൂടിക്കാഴ്ച നടത്തിയിട്ടില്ലെങ്കിലും ശൈഖിന്റെതാണെന്ന് ഉറപ്പുണ്ടായാൽ മതി. ശൈഖിലേക്ക് ചേർത്ത് പറഞ്ഞുകൊണ്ട് ആ ഹദീസ് ആർക്കും ഉദ്ധരിക്കാം. അതാണ് ഇപ്പോൾ നാം ചെയ്യുന്നത്. ■

മൂസ സ്വലാഹി കാര
: 97473 45768



# അനാചാരങ്ങൾക്ക് തെളിവുണ്ടാക്കാൻ മത്സരിക്കുന്നവർ!

അനാചാരങ്ങൾക്ക് അഴക് കൂട്ടുന്നതിൽ അതിയായ താൽപര്യമുള്ള മുസ്‌ലിയാക്കന്മാർ നബിചര്യയിൽ നിലനിൽക്കുന്നവർക്കു മേൽ ബിദ്അത്താരോപിക്കാൻ പൊടിയും മാറാലയും തട്ടി പലതും ഉയർത്തിക്കാണിക്കാറുണ്ട്. ഈ ലക്ഷ്യം നിറവേറ്റാനും നബിദിനാഘോഷമെന്ന ബിദ്അത്തിനെ നിലയുറപ്പിക്കാനും വേണ്ടി സുന്നി വോയ്സ് 2025, ലക്കം 16-30ൽ 'നബിമാതൃകയില്ലാതെ മുജാഹിദുകൾ ചെയ്യുന്ന ബിദ്അത്തുകൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ച ലേഖനം ശ്രദ്ധയിൽ പെട്ടു.

സലഫികൾ ചെയ്യുന്ന പലതിലും ബിദ്അത്തുണ്ടെന്ന് കണ്ടെത്താൻ കിണഞ്ഞ് കുഴങ്ങുന്ന മുസ്‌ലിയാർ ശിയാ ആഘോഷമായ മീലാദിനെ സുന്നത്താക്കുന്നത് സവിശേഷമായൊരു കാഴ്ച തന്നെയാണ്!

“മുഹമ്മദ് നബി(സ്വ)യുടെ ജന്മദിനത്തിന് പ്രത്യേകതയും മഹത്ത്വവുമുണ്ട്. തിരുജന്മം ലോകത്തിന് അനുഗ്രഹമാണ്. ആ അനുഗ്രഹലബ്ധിയിൽ സന്തോഷിച്ചുകൊണ്ടാണ് എല്ലാ തിങ്കളാഴ്ചയും നബി(സ്വ) നോമ്പനുഷ്ഠിച്ചിരിന്നത്. ഇന്നും വിശ്വാസികൾ അത് തുടർന്നു കൊണ്ടിരിക്കുന്നു. പ്രവാചകർ(സ്വ) യോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ ഏതൊക്കെ മാർഗങ്ങൾ സ്വീകരിക്കാൻ പറ്റുമോ അതെല്ലാം വിശ്വാസികൾ ഉപയോഗപ്പെടുത്തും. കാരണം നബി(സ്വ)യോടുള്ള സ്നേഹപ്രകടനം മതത്തിന്റെ നിർദേശമാണ്” (പേജ് 6).

ലോകർക്ക് അനുഗ്രഹമായി നിയോഗിക്കപ്പെട്ട പ്രവാചകനെ (സ്വ) അനുസരിക്കാനും പിൻപറ്റാനും ഇഷ്ടപ്പെടാനും ആദരിക്കാനുമാണ് ഇസ്‌ലാം പഠിപ്പിച്ചത്. അനുസരിച്ചല്ല, ആഘോഷിച്ചാണ് ആദരിക്കേണ്ടതെന്ന നിർദേശം ഇസ്‌ലാമിക പ്രമാണങ്ങളിൽ കാണുക സാധ്യമല്ല. മറ്റുള്ളവരിൽ ബിദ്അത്താരോപിച്ച് സ്വയം ബിദ്അത്തിൽ കുളിക്കുന്നതിനെ വിരോധാഭാസമെന്നല്ലാതെ എന്തു വിളിക്കാൻ! നബി(സ്വ) ജനിച്ചതിലുള്ള സന്തോഷം പ്രകടിപ്പിക്കാനാണ് തിങ്കളാഴ്ച നബി (സ്വ) നോമ്പു നോറ്റതെന്ന് പറയുന്ന മുസ്‌ലിയാരും കൂട്ടരും തിങ്കളാഴ്ചയിലും നബിദിനാഘോഷം നടത്താറുള്ളത് ഉച്ചക്ക് ബിരിയാണി കഴിച്ചും പായസം കുടിച്ചുമൊക്കയാണ്!

**മീലാദ്; അടിത്തറ ശിയാക്കളിൽ തന്നെ!**

പുത്തനാചാരമല്ലെന്നും സുന്നത്താണെന്നും പറഞ്ഞ് കൊണ്ടാടുന്ന നബിദിനാഘോഷത്തിന്റെ അടിത്തറ പരതിയാൽ അത് 

ലോകർക്ക് അനുഗ്രഹമായി നിയോഗിക്കപ്പെട്ട പ്രവാചക(സ്വ)നെ അനുസരിക്കാനും പിൻപറ്റാനും ഇഷ്ടപ്പെടാനും ആദരിക്കാനുമാണ് ഇസ്‌ലാം പഠിപ്പിച്ചത്. അനുസരിച്ചല്ല, ആഘോഷിച്ചാണ് ആദരിക്കേണ്ടതെന്ന നിർദേശം ഇസ്‌ലാമിക പ്രമാണങ്ങളിൽ കാണുക സാധ്യമല്ല. മറ്റുള്ളവരിൽ ബിദ്അത്താരോപിച്ച് സ്വയം ബിദ്അത്തിൽ കുളിക്കുന്നതിനെ വിരോധാഭാസമെന്നല്ലാതെ എന്തു വിളിക്കാൻ! നബി(സ്വ) ജനിച്ചതിലുള്ള സന്തോഷം പ്രകടിപ്പിക്കാനാണ് തിങ്കളാഴ്ച നബി(സ്വ) നോമ്പു നോറ്റതെന്ന് പറയുന്ന മുസ്‌ലിയാരും കൂട്ടരും തിങ്കളാഴ്ചയിലും നബിദിനാഘോഷം നടത്താറുള്ളത് ഉച്ചക്ക് ബിരിയാണി കഴിച്ചും പായസം കുടിച്ചുമൊക്കയാണ്!

സൂഫിസത്തിലേക്കും ശിയായിസത്തിലേക്കുമൊക്കെയാണ് ചെന്നെത്തുക. അത് സമസ്തക്കാർ തന്നെ സമ്മതിക്കുന്നതിന് ഏറ്റവും പുതിയ തെളിവ് കാണുക:

“ആദ്യകാലങ്ങളിൽ സൂഫികളുടെ ഖാൻഗാഹുകളിലാണ് മൗലിദ് ആഘോഷം നടത്തപ്പെട്ടിരുന്നത്. പ്രമുഖ സൂഫീവര്യരും അനുയായി വൃന്ദവുമാണ് ചടങ്ങുകൾക്ക് നേതൃത്വം നല്കുക. പിന്നീട് ഫാത്വിമീ ഭരണാധികാരികളുടെ (ഹിജ്റ 362-507) കീഴിൽ ഈജിപ്തിലാണ് ഔദ്യോഗികമായി നബിദിനം വിപുലമായി ആഘോഷിച്ചു വന്നത്” (സുന്നിഅഫ്കാർ/2025 സെപ്തംബർ 1-30/പേജ് 85).

നബിദിനാഘോഷം ഉത്തമ തലമുറയിൽപ്പെട്ടവർ പുണ്യകർമമായി കൊണ്ടാടിയിട്ടില്ലെന്നാണല്ലോ ഇതിനർഥം. എന്നാലും ഇവർ ഇല്ലാകഥകൾ പറഞ്ഞുണ്ടാക്കും! പ്രമാണങ്ങൾ കൊണ്ട് ഈ ആഘോഷത്തെ തെളിയിച്ചെടുക്കാൻ സാധിക്കാത്ത ഇവർ ദുർവ്യാഖ്യാനം നടത്തിയും ദുർബല വാക്കുകളെ ആശ്രയിച്ചും സായൂജ്യമടയുന്നത് എത്രമേൽ അപകടകരമാണ്. അല്ലാഹു പറയുന്നു: “അപ്രകാരം ഇതിനെ (ക്വുർആനിനെ) അറബിഭാഷയിലുള്ള ഒരു ന്യായപ്രമാണമായി നാം അവതരിപ്പിച്ചിരിക്കുന്നു. നിനക്ക് അറിവ് വന്നുകിട്ടിയതിന് ശേഷം അവരുടെ തന്നിഷ്ടങ്ങളെ നീ പിൻപറ്റിയാൽ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷിക്കുന്ന യാതൊരു രക്ഷാധികാരിയും യാതൊരു കാവൽക്കാരനും നിനക്ക് ഉണ്ടായിരിക്കുകയില്ല” (ക്വുർആൻ 13:37).

ഇബ്നു കസീർ(റഹി) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: “പ്രവാചകൻ(സ്വ)യുടെ മാർഗത്തിൽ പ്രവേശിച്ചതിന് ശേഷം വഴികേടുകളെ പിൻപറ്റുന്ന പണ്ഡിതന്മാർക്കുള്ള ശക്തമായ താക്കീതാണിത്.”

**കുറ്റാരോപണം; കറയറ്റ കളവ്!**

മുസ്‌ലിയാർ പരിഭവത്തോടെ എഴുതുന്നത് നമുക്കൊന്ന് വായിക്കാം: "നബി(സ്വ)യുടെ മാതൃകയില്ലാത്തതിനാൽ ബിദ്അത്താണെന്ന് പ്രഖ്യാപിക്കുന്നവർ തന്നെ നബി(സ്വ)യിലൂടെ മാതൃകയില്ലാത്ത പല കാര്യങ്ങളും നിർബന്ധപൂർവവും ഐച്ഛികമായും അനുഷ്ഠിക്കുന്നുവെന്നത് ഈ ആശയത്തിന്റെ ദുർബലത വ്യക്തമാക്കുന്നു. മാതൃകയില്ലെന്നു പറഞ്ഞ് പുണ്യകർമങ്ങൾ നിഷേധിക്കാൻ തുടങ്ങിയാൽ വിശ്വാസികൾ ഒന്നടങ്കം ചെയ്യുന്ന പല കാര്യങ്ങളും പുത്തൻ ആചാരങ്ങളായി പ്രഖ്യാപിക്കേണ്ടി വരും" (പേജ് 8).

അടിസ്ഥാനപരമായി ഇസ്‌ലാം അനുവദിച്ച ഓരോന്നും ചൂണ്ടിക്കാട്ടിയാണ് മുസ്‌ലിയാർ ബിദ്അത്താരോപണം നടത്തുന്നത്. അവ ബിദ്അത്താണെന്ന് സമർഥിക്കാൻ മുസ്‌ലിയാർ നിരത്തുന്ന ഞൊണ്ടിന്യായങ്ങൾ ഓരോന്നായി നമുക്കൊന്ന് പരിശോധിക്കാം:

ഒന്ന്) "എന്നാൽ നബി(സ്വ) വെള്ളിയാഴ്ച ജുമുഅ ഖുത്വുബയിൽ സ്വലാത്ത് ചൊല്ലിയതായോ ചൊല്ലാൻ കൽപിച്ചതായോ ഹദീസിൽ സ്ഥിരപ്പെട്ടു വന്നതായി കാണുന്നില്ല. അവിടുന്ന് പ്രവർത്തിച്ചു കാണിക്കാത്തതിനാൽ നബിദിനാഘോഷം ബിദ്അത്താണെന്ന് പറയുന്നവർക്കും ബോധ്യമുള്ള കാര്യം തന്നെയാണിത്" (പേജ് 9).

നബി(സ്വ)യുടെ പേര് പറഞ്ഞാലും കേട്ടാലും സ്വലാത്ത് ചൊല്ലൽ പ്രമാണങ്ങൾ കൽപിച്ചതാകയാൽ ഖുതുബയുടെ സന്ദർഭത്തിലും അത് അനുവദനീയമാണ്. അവിടുന്ന് ചൊല്ലാൻ പഠിപ്പിച്ചൊരു കാര്യം ബിദ്അത്താകുമോ? അങ്ങനെയെങ്കിൽ സ്വഹാബത്തിന് അംഗീകരിച്ച് കൊടുത്ത പലതിനെയും ഇവർ ആ ഗണത്തിലേക്ക് മാറ്റേണ്ടി വരും. നാല് ഇമാമുമാർ ഈ കാര്യം ചർച്ച ചെയ്തേടത്ത് ശാഫിഈ മദ്ഹബ് പ്രകാരം ഇത് ഖുതുബയുടെ റുക്നായിട്ടാണ് കാണുന്നത്.

രണ്ട്) "വെള്ളിയാഴ്ച ഖുതുബയിലെ മറ്റൊരു നിർബന്ധഘടകമാണ് ദുആ. ഇതും ബിദഇകൾ അംഗീകരിക്കുന്നുണ്ട്. എന്നാൽ നബി(സ്വ) ഇത് ചെയ്തു കാണിച്ചുതന്നിട്ടില്ലെന്നതാണ് വസ്തുത. ഇതവർക്ക് അറിയാം, എന്നിട്ടും നിർബാധം പ്രവർത്തിച്ചു വരുന്നു" (പേജ് 9).

പ്രാർഥന ഇസ്‌ലാം അനുവദിച്ച പ്രബലമായ ആരാധനയാണ്. വെള്ളിയാഴ്ചയും പള്ളിയുമെല്ലാം പ്രാർഥനയുടെ സ്വീകാര്യതക്ക് കൂടുതൽ അനുയോജ്യമായ സന്ദർഭങ്ങളായതിനാൽ അത് ഉപയോഗപ്പെടുത്തൽ നന്മയാണ്.

മൂന്ന്) "സകാത്തിന്റെ അവകാശികളെ ഖുർആൻ നിർണയിച്ചതാണ്. അതിനപ്പുറത്തേക്ക് അതു നീട്ടാൻ പാടില്ല. അതുകൊണ്ടുതന്നെ മദീനത്തെ പള്ളിക്കോ മറ്റോ നബി (സ്വ) സകാത്തിന്റെ ഫണ്ട് അനുവദിച്ചിട്ടുമില്ല. എന്നാൽ കേരളത്തിലെ നബിദിന വിരോധികൾക്ക് ഇതെല്ലാം അനുവദനീയമാണ്. നബി(സ്വ) ചെയ്തിട്ടില്ലെങ്കിലും അവർ ഇത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടേയിരിക്കും" (പേജ് 9).

ഖുർആൻ എണ്ണിപ്പറഞ്ഞ, സകാത്തിന്റെ എട്ട് അവകാശികളുണ്ട്. അവർ എവിടെയാണോ ഉള്ളത് അവർക്ക് വേണ്ടി അത് ഉപയോഗിക്കാം. സകാത്ത് സ്വീകരിക്കാനും വിതരണം നടത്താനുമുള്ള വ്യവസ്ഥ നബി (സ്വ)യുടെ കാലത്തുള്ളതാണ്. ഖലീഫമാരുടെ ഭരണ സമയത്ത് അത് വിപുലമാക്കി

നന്മയിലേക്ക് ക്ഷണിക്കുന്ന ഒരു ഉമ്മത്ത് നിങ്ങളിൽനിന്ന് ഉണ്ടാകട്ടെ എന്നു തുടങ്ങുന്ന ആയത്തും സത്യത്തിന് വേണ്ടി ഒരു ചെറുസംഘം ലോകാവസാനം വരെ നിലകൊള്ളുമെന്ന പ്രവാചക വചനവും 'ജമാഅത്ത്' വേണമെന്നതിനുള്ള തെളിവാണ്. സംഘമായി നിൽക്കുന്നവർക്കാണ് അല്ലാഹുവിന്റെ സഹായമെന്നും സത്യസന്ധരോടൊപ്പം നിങ്ങൾ ചേരണമെന്നതും പ്രമാണവചനമാണ്. ഇതെല്ലാം ഉൾക്കൊണ്ടാണ് സലഫികൾ സംഘടിച്ചു പ്രവർത്തിക്കാമെന്ന നിലപാട് സ്വീകരിക്കുന്നത്.

യതായും കാണാം. ഈ ചര്യ യെ മാതൃകയാക്കുന്ന സലഫിക ളെ സകാത്തിനെ ദുരുപയോഗം നടത്തുന്നവരുടെ കണ്ണിയിലേക്ക് ചേർക്കേണ്ടതില്ല.

നാല്) "നബി(സ)യുടെ കാലത്ത് ദീൻ പൂർത്തികരിക്ക പ്പെട്ടു, ഇനി നബി(സ) ചെയ്തു കാണിക്കാത്തതൊന്നും അരു തെന്ന് പറഞ്ഞ് നബിദിനാഘോ ഷത്തെ വിമർശിക്കുന്ന മൗലവി മാർ പക്ഷേ, റസൂൽ(സ) ചെയ്തു കാണിക്കാത്ത മതസംഘടന കൾ രൂപീകരിക്കുകയും നേതൃ ത്വം കൊടുക്കുകയും ചെയ്യുന്നത് അവർക്കിടയിൽ തന്നെ വിവാദ മായതാണ്" (പേജ് 10,11).

നന്മയിലേക്ക് ക്ഷണിക്കുന്ന ഒരു ഉമ്മത്ത് നിങ്ങളിൽനിന്ന് ഉണ്ടാകട്ടെ എന്നു തുടങ്ങുന്ന ആയത്തും സത്യത്തിന് വേണ്ടി ഒരു ചെറുസംഘം ലോകാവസാ നം വരെ നിലകൊള്ളുമെന്ന പ്ര വാചക വചനവും 'ജമാഅത്ത്' വേണമെന്നതിനുള്ള തെളിവാ ണ്. സംഘമായി നിൽക്കുന്നവർ ക്കാണ് അല്ലാഹുവിന്റെ സഹായ മെന്നും സത്യസന്ധരോടൊപ്പം നിങ്ങൾ ചേരണമെന്നതും പ്ര മാണവചനമാണ്. ഇതെല്ലാം ഉൾക്കൊണ്ടാണ് സലഫികൾ സംഘടിച്ചു പ്രവർത്തിക്കാമെ ന്ന നിലപാട് സ്വീകരിക്കുന്നത്.

അഞ്ച്) "തിരുജന്മദിനാഘോ ഷം തിങ്കളാഴ്ച നോമ്പിലൂടെ നബി (സ) ചെയ്തുകാണിച്ചു തന്നതാ ണ്. ഈ ചര്യ പിന്തുടരുന്നതിനു പുറമേ പ്രവാചക സ്നേഹി കൾ എല്ലാ വർഷവും റബീഉൽ അവ്വൽ 12 സ്നേഹപ്രകടനം കൊണ്ട് സമ്പന്നമാക്കുമ്പോൾ പ്രവാചകർ(സ)യുടെ പ്രത്യേക നിർദേശമില്ലെന്ന് പറഞ്ഞ് നബി ദിനാഘോഷത്തെ അനാചാരമാ

> യതീമുകളെ സംരക്ഷിക്കണമെന്നതിന് എത്രയോ തെളിവുകളുണ്ട്. അത് സ്വന്തം വീട്ടിലാകാം. അതിനു സാധ്യമല്ലെങ്കിൽ പ്രത്യേക വീടോ, സ്ഥാപനമോ, സൗകര്യ പ്രദമായ സംവിധാനങ്ങളോ അതിനായി ഉപയോഗിക്കാം. അത് എങ്ങനെയാണ് ബിദ്അത്താവുക? അതായത്, യതീമുകളെ സംരക്ഷിക്കുക എന്നത് മതം അനുശാസി ക്കുന്ന കാര്യമാണ്. അതിന് പ്രത്യേക സൗകര്യം ഒരുക്കു ന്നു എന്നു മാത്രം. അതിനോട് എങ്ങനെയാണ് മതത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത ജന്മദിനോഘോഷ ത്തെ താരതമ്യം ചെയ്യാനാവുക?

ക്കുകയും നബി(സ) മാതൃക കാണിക്കാത്ത യതീംഖാനക ളെ സുന്നത്തിന്റെ പരിധിയിലേക്ക് ചേർത്തുവെക്കുകയുമാണ് ബിദഇകളുടെ രീതി" (പേജ് 11).

യതീമുകളെ സംരക്ഷിക്കണമെന്നതിന് എത്രയോ തെ ളിവുകളുണ്ട്. അത് സ്വന്തം വീട്ടിലാകാം. അതിനു സാധ്യമ ല്ലെങ്കിൽ പ്രത്യേക വീടോ, സ്ഥാപനമോ, സൗകര്യപ്രദമായ സംവിധാനങ്ങളോ അതിനായി ഉപയോഗിക്കാം. അത് എങ്ങ നെയാണ് ബിദ്അത്താവുക? അതായത്, യതീമുകളെ സം രക്ഷിക്കുക എന്നത് മതം അനുശാസിക്കുന്ന കാര്യമാണ്. അതിന് പ്രത്യേക സൗകര്യം ഒരുക്കുന്നു എന്നു മാത്രം. അതി നോട് എങ്ങനെയാണ് മതത്തിൽ യാതൊരു അടിസ്ഥാനവു മില്ലാത്ത ജന്മദിനോഘോഷത്തെ താരതമ്യം ചെയ്യാനാവുക?

ആറ്) "തിരുനബി(സ) ചെയ്യാത്തതെല്ലാം ബിദ്അത്താ ണെന്ന വഹാബി ആശയത്തിന് വിരുദ്ധമായി അവർ ചെ യ്തുവരുന്ന പുത്തനാചാരമാണ് നികാഹിന്റെ പ്രഭാഷണം. റസൂൽ(സ) ചെയ്തിട്ടില്ലാത്ത തിനാൽ നബിദിനമാഘോഷി ക്കരുതെന്ന് പറയുന്നവർ ഈ പ്രഭാഷണത്തിനുള്ള നബിമാ തൃക വ്യക്തമാക്കേണ്ടതുണ്ട്" (പേജ് 12).

നിക്കാഹിന്റെ വേളയിലുള്ള ഖുതുബ ആവശ്യസമയത്തെ ഖുതുബയായതിനാൽ അതിൽ നബി(സ)യുടെ അനുമതി യുണ്ട്. ഇബ്നു മസ്ഊദി(റ)ൽനിന്ന് നിവേദനം: 'നിക്കാഹി ലും അല്ലാത്തപ്പോഴും ആവശ്യ ഖുതുബ നബി(സ) ഞങ്ങ ളെ പഠിപ്പിച്ചിരുന്നു' (തിർമിദി).

ഏഴ്) "സുന്നികൾ ചെയ്യുന്ന ബിദ്അത്തിന്റെ നീണ്ട പട്ടിക നിരത്താറുള്ള മുജാഹിദുകൾ എന്തുകൊണ്ടാണ് ശമ്പളം കൈപ്പറ്റൽ അതിൽ ചേർക്കാത്തത്? വാങ്ക് വിളിച്ചതിന്റെ യും നിസ്കരിച്ചതിന്റെയും പേരിൽ ഒരു കാരക്കയെങ്കിലും കൂലിയായി നബി(സ) സ്വീകരിച്ചിരുന്നുവെങ്കിൽ നമുക്കും ശമ്പളം വാങ്ങാമായിരുന്നു. അവിടുന്ന് ശമ്പളം പറ്റാത്തതു കൊണ്ട് നമ്മളും വാങ്ങരുത്, അത് ബിദ്അത്താണ് എന്ന് എന്താണ് മൗലവിമാർ നിലപാടെടുക്കാത്തത്?"(പേജ് 14).

പ്രത്യേക വിലക്കൊന്നുമില്ലാത്ത, സാഹചര്യങ്ങൾക്കനു സരിച്ച് വേണ്ടത് ചെയ്യാൻ അനുവാദമുള്ളൊരു കാര്യമാണി

തെന്ന് മുസ്‌ല്യാർക്ക് അറിയാത്തതുകൊണ്ടല്ല, മുജാഹിദുകളെ സമൂഹത്തിനു മുമ്പിൽ  അപമാനിക്കുക എന്ന നിയ്യത്ത് നിറവേറ്റുക മാത്രമാണ് അദ്ദേഹം ചെയ്യുന്നത്.

എട്ട്: "സുന്നികൾ ചെയ്യുന്നതിനെ അനാചാരമായി പ്രഖ്യാപിക്കാൻ നബി(സ്വ) ചെയ്തില്ലെന്ന് ന്യായം പറയുന്നവർ സ്വന്തം നേതാക്കളുടെ പേരിന് കൂടെ 'റ' എന്നും 'മർഹൂം' എന്നും പറയുകയും എഴുതിച്ചേർക്കുകയും ചെയ്യുന്നു. നബി(സ്വ) ചെയ്യാത്തത് ബിദ്അത്താണെങ്കിൽ ഇതും ബിദ്അത്തുതന്നെയല്ലേ? പിന്നെ എന്തുകൊണ്ട് വഹാബികൾ ഇതുപേക്ഷിക്കുന്നില്ല" (പേജ് 15).

ജീവിച്ചിരിക്കുന്നവർക്കും മരണപ്പെട്ടവർക്കും കാരുണ്യത്തിനും പാപമോചനത്തിനും വേണ്ടി പഠിപ്പിക്കപ്പെട്ട പ്രാർഥനകൾ ധാരാളമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരാളുടെ പേര് പറയുമ്പോൾ അയാൾക്കു വേണ്ടി പ്രാർഥിക്കുന്നത് എങ്ങനെ ബിദ്അത്താകും?

ഒമ്പത്: "നബി(സ്വ)യുടെ പേരു കേൾക്കുമ്പോൾ സ്വല്ലല്ലാഹു അലൈഹി വ സല്ലം എന്ന് ചൊല്ലൽ വിശ്വാസികളുടെ പതിവാണ്. ഇതും മുജാഹിദ് വിശ്വാസ പ്രകാരം ബിദ്അത്താണ്. കാരണം, ഇങ്ങനെ നബി(സ്വ) ചൊല്ലിയതായി ഹദീസിലില്ല" (പേജ് 15).

നബി(സ്വ)യുടെ പേര് കേൾക്കുന്ന എല്ലാ സന്ദർഭങ്ങളിലും സ്വലാത്തിന്റെ പൂർണ രൂപം ചൊല്ലാൻ കഴിയില്ലല്ലോ. അതിനാൽ 'അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദ്,' 'സ്വല്ലല്ലാഹു അലൈഹി വസല്ലം' എന്നിങ്ങനെ ചുരുക്കി പ്രാർഥിക്കുന്നു. സ്വലാത്ത് പാടെ ഒഴിവാക്കുകയാണോ ചുരുക്കിയെങ്കിലും  അത് നിർവഹിക്കുകയാണോ വേണ്ടത്?

പത്ത്: "മയ്യിത്ത് മറമാടിയതിന് ശേഷം ഖബ്റിനരികിൽ സുന്നികളും വഹാബികളും ചെയ്തുവരുന്ന കാര്യമാണ് തസ്ബീത്ത്. ഇത് മുജാഹിദ് വിശ്വാസ പ്രകാരം ബിദ്അത്താണ്. കാരണം, ഇതിന് ഉപയോഗിക്കുന്ന ദുആ വാചകം ഹദീസിൽ വന്നതല്ല, പിൽകാലത്ത് പണ്ഡിതന്മാർ ഉണ്ടാക്കിയതാണ്" (പേജ് 16).

മരണപ്പെട്ടവരെ മറവ് ചെയ്യുമ്പോൾ അവർക്കു വേണ്ടി തസ്ബീത്ത് ചോദിക്കണമെന്നത് ഹദീസിൽ വ്യക്തമാണ്. പ്രത്യേക പദങ്ങൾ പഠിപ്പിക്കപ്പെടാത്തതിനാൽ സൗകര്യപ്രദമായ രീതിയിൽ ചോദിക്കാം. പണ്ഡിതന്മാർ ഉണ്ടാക്കിയതിനെ ഹദീസിൽ വന്നതായി കാണാനും പാടില്ല.

മുസ്‌ലിയാർ എഴുതുന്നു: "ചുരുക്കത്തിൽ, റബീഉൽ അവ്വൽ 12 നബി(സ്വ)യുടെ ജന്മദിനമായി ലോകമെമ്പാടും മുഖ്യധാരാ മുസ്‌ലിംകൾ ആഘോഷിക്കുമ്പോൾ പുറം തിരിഞ്ഞു നിൽക്കുന്നവരുടെ എതിർ ന്യായങ്ങളെല്ലാം ദുർബലമാണ്, ബാലിശമാണ്. നബിദിനാഘോഷം പ്രോത്സാഹിപ്പിച്ചവരാണ് പണ്ഡിത മഹത്തുക്കൾ. അതിനെതിരെ ബിദ്അത്ത് ആരോപണവുമായി രംഗത്ത് വരുന്നവരുടെ ലക്ഷ്യം സമുദായത്തിൽ നാശം വിതക്കലാണ്"(പേജ് 16).

ആരുടെ എതിർ ന്യായങ്ങളാണ് ദുർബലവും ബാലിശവുമെന്ന് ചിന്തിക്കുന്നവർക്കറിയാം. 'നബിദിനാഘോഷം നബി(സ്വ) ചെയ്യാത്തതു തന്നെയാണ്' എന്ന് രേഖകൾ വായിച്ച് മുജാഹിദുകൾ ബോധ്യപ്പെടുത്തുമ്പോൾ, അത് പ്രാമാണികമാണെന്നു പറയുന്നവർ അതിനു തെളിവുദ്ധരിക്കുകയാണ് ചെയ്യേണ്ടത്.

സ്നേഹത്തിന്റെയും ആദരവിന്റെയും പേരിൽ, മതത്തിൽ അടിസ്ഥാനപരമായി ഇല്ലാത്തതും നൂറു ശതമാനവും ബിദ്അത്തായതുമായ ഈ ശിയാ ആഘോഷത്തെ മതപരമെന്നു തെളിയിക്കാൻ മുസ്‌ലിയാക്കന്മാർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല; ഇനി കഴിയുകയുമില്ല. അഹ്‌ലുസ്സുന്ന വൽ ജമാഅയുടെ ഇജ്മാഅ് കൊണ്ടെങ്കിലും നബിദിനാഘോഷത്തെ തെളിയിക്കാൻ കഴിയാത്തവരാണ് അതിനെ ഇസ്‌ലാമിന്റെ പറ്റിൽ എഴുതിച്ചേർക്കാൻ ശ്രമിക്കുന്നത്. ■

സ്നേഹത്തിന്റെയും ആദരവിന്റെയും പേരിൽ, മതത്തിൽ അടിസ്ഥാനപരമായി ഇല്ലാത്തതും നൂറു ശതമാനവും ബിദ്അത്തായതുമായ ഈ ശിയാ ആഘോഷത്തെ മതപരമെന്നു തെളിയിക്കാൻ മുസ്‌ലിയാക്കന്മാർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല; ഇനി കഴിയുകയുമില്ല. അഹ്‌ലുസ്സുന്ന വൽ ജമാഅയുടെ ഇജ്മാഅ് കൊണ്ടെങ്കിലും നബിദിനാഘോഷത്തെ തെളിയിക്കാൻ കഴിയാത്തവരാണ് അതിനെ ഇസ്‌ലാമിന്റെ പറ്റിൽ എഴുതിച്ചേർക്കാൻ ശ്രമിക്കുന്നത്.




# നയവ്യതിയാനം നിലപാടാക്കി മാറ്റിയവർ

സംഘടനകൾക്ക് ആദർശമുണ്ടാകും. മതരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്ക് ആദർശത്തിൽ മാറ്റം വരുത്തേണ്ടി വരില്ല. എന്നാൽ രാഷ്ട്രീയ സംഘടനകൾക്ക് ആദർശവും നയവും പരിപാടികളുമൊക്കെ കാലത്തിനനുസരിച്ച് മാറ്റേണ്ടിവരും. അത് സ്വാഭാവികമാണ്. അങ്ങനെ ആദർശം മാറ്റേണ്ടി വരുമ്പോൾ അവരത് പരസ്യമായി പറയും. അങ്ങനെ തന്നെയാണല്ലോ വേണ്ടതും.

എന്നാൽ ജമാഅത്തെ ഇസ്‌ലാമിയുടെ അവസ്ഥ എന്താണ്? അവരുടെ പ്രവർത്തനങ്ങളിൽ പല മാറ്റവും വന്നതായി നാം കാണുന്നു. ആദർശത്തിൽ മാറ്റം വരുത്തിയാണോ ഈ മാറ്റം?

‘ദൈവേതര ശക്തികളെ അനുസരിക്കാൻ പാടില്ല’ എന്നതായിരുന്നു അവരുടെ പ്രഖ്യാപിത നയം. തൗഹീദിൽ ആരാധനക്ക് പുറമെ അടിമവേലയും അനുസരണവും കൂട്ടിച്ചേർത്തപ്പോൾ ദൈവേതരർക്ക് അനുസരണവും അടിമവേലയും പാടില്ലെന്ന് വന്നു. എന്ന് മാത്രമല്ല, അങ്ങനെ ചെയ്താൽ അത് ബഹുദൈവാരാധന (ശിർക്ക്) ആയിത്തീരും. ദൈവേതര ശക്തികളെല്ലാം ത്വാഗൂത്താണ്. അതുകൊണ്ട് അനിസ്‌ലാമിക ഗവൺമെന്റിന്റെ നിയമങ്ങളനുസരിക്കാൻ പാടില്ല. ഇതും പറഞ്ഞുകൊണ്ടാണവർ 1940 കളിൽ പ്രചരണം തുടങ്ങിയത്.

ഇന്ത്യാമഹാരാജ്യത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ രംഗപ്രവേശം തന്നെ ഇതും പറഞ്ഞു കൊണ്ടായിരുന്നു. (വെള്ളക്കാരുടെ ഭരണം പോയി ഇന്ത്യക്കാരുടെ ഭരണം വന്നപ്പോൾ ലാത്ത പോയി മനാത്ത വന്നു എന്നാണ് അവർ പറഞ്ഞത്). ദൈവേതര ശക്തിയെ തിരഞ്ഞെടുക്കുന്ന വോട്ട് പാടില്ല എന്നു പറഞ്ഞത്

> ജനതാ പാർട്ടി ഭരണത്തിൽ വന്ന കാലത്ത് വോട്ട് ചെയ്തത് നിർബന്ധിതാവസ്ഥയിലായിരുന്നു എന്നാണവർ ന്യായം പറഞ്ഞത്. നിർബന്ധിതാവസ്ഥയിൽ-ജീവൻ നഷ്ട പ്പെടുമെന്ന അവസ്ഥയിൽ-ഹറാമിന്നനുവാദമുണ്ട്. ശിർക്ക് നിർബന്ധിതാവസ്ഥയിലും പാടില്ല. ശിർക്ക് ചെയ്യാൻ നിർ ബന്ധിക്കപ്പെട്ടാൽ അതിനെതിരെ പോരാടണം. അല്ലെ ങ്കിൽ ഹിജ്റ പോകണം.പിൽക്കാലത്ത് വോട്ട് ചെയ്യാമെ ന്നായി. സ്ഥാനാർഥിയുടെ മൂല്യം നോക്കി വോട്ട് ചെയ്തു. ഒരേസമയം ഒരു സ്ഥലത്ത് ഇടതിനും മറ്റൊരു സ്ഥലത്ത് വലതിനും പിന്തുണ കൊടുത്തു. അതും കഴിഞ്ഞ് രാഷ്ട്രീയ രംഗത്ത് പരസ്യമായിറങ്ങി. പാർട്ടിയുമുണ്ടാക്കി.

ഈ നിലപാടുകൊണ്ടായിരുന്നു; അല്ലാതെ, തൽക്കാലം ഈ തിര ഞ്ഞെടുപ്പിൽ ഞങ്ങൾ വോട്ട് ചെയ്യുന്നില്ല എന്ന് പറഞ്ഞുകൊണ്ട ല്ല. 'ജമാഅത്തെ ഇസ്‌ലാമി 27 വർഷം' എന്ന പുസ്തകത്തിൽ വ്യക്ത മാക്കിയതാണിക്കാര്യം; വോട്ട് ഒരു മുസ്‌ലിമിന് നിഷിദ്ധം എന്ന്.

അതിനു മാറ്റം വന്നു. ജനതാ പാർട്ടി ഭരണത്തിൽ വന്ന കാല ത്ത് വോട്ട് ചെയ്തത് നിർബന്ധിതാവസ്ഥയിലായിരുന്നു എന്നാണവർ ന്യായം പറഞ്ഞത്. നിർബന്ധിതാവസ്ഥയിൽ-ജീവൻ നഷ്ടപ്പെടുമെ ന്ന അവസ്ഥയിൽ-ഹറാമിന്നനുവാദമുണ്ട്. ശിർക്ക് നിർബന്ധിതാവ സ്ഥയിലും പാടില്ല. ശിർക്ക് ചെയ്യാൻ നിർബന്ധിക്കപ്പെട്ടാൽ അതി നെതിരെ പോരാടണം. അല്ലെങ്കിൽ ഹിജ്റ പോകണം.

പിൽക്കാലത്ത് വോട്ട് ചെയ്യാമെന്നായി. സ്ഥാനാർഥിയുടെ മൂല്യം നോക്കി വോട്ട് ചെയ്തു. ഒരേസമയം ഒരു സ്ഥലത്ത് ഇടതിനും മറ്റൊ രു സ്ഥലത്ത് വലതിനും പിന്തുണ കൊടുത്തു. അതും കഴിഞ്ഞ് രാ ഷ്ട്രീയ രംഗത്ത് പരസ്യമായിറങ്ങി. പാർട്ടിയുമുണ്ടാക്കി.

അനിസ്‌ലാമിക ഗവൺമെന്റ് ത്വാഗൂത്താണെന്ന വാദം തിരുത്തി യോ? തിരുത്തിയെന്ന് സങ്കൽപിക്കുക. മതനിയമം തിരുത്തപ്പെടുക യില്ല. ഹറാം എല്ലാകാലത്തും ഹറാമാണ്. ഹലാൽ എന്നും ഹലാ ലായിരിക്കും. ഇത് സർവാംഗീകൃതമായ വസ്തുതയാണ്.

മൗദൂദി സാഹിബ് പ്രഗത്ഭനായ എഴുത്തുകാരനാണ്. ധാരാളം പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. അറബ് ലോകത്തും മൗദൂദി അംഗീകരിക്കപ്പെട്ടിരുന്നു. ഈ രൂപത്തിലാണ് ഇപ്പോഴും ജമാഅത്തു കാർ പറഞ്ഞു നടക്കുന്നതും എഴുതി പ്രചരിപ്പിക്കുന്നതും.

എത്രയോ മഹാരഥന്മാരായ പണ്ഡിതശ്രേഷ്ഠന്മാർ കഴിഞ്ഞു പോ യിട്ടുണ്ട്. അവരുടെ സേവനങ്ങൾ ലോക മുസ്‌ലിംകൾ അംഗീകരി ക്കുന്നു. എന്നാൽ അവർ പറഞ്ഞ ഒരബദ്ധം ആര് അംഗീകരിക്കും? ആരും അംഗീകരിക്കില്ല! ഇന്നും പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ അത് അബദ്ധമാണ് എന്ന് വ്യക്തമാക്കും. അത് പണ്ഡിതന്മാരോടു ള്ള ബഹുമാനക്കുറവല്ല. മൗദൂദി അബദ്ധം പറഞ്ഞാലും അതുത ന്നെയാണവസ്ഥ.

ഉദാഹരണത്തിന് പ്രധാനപ്പെട്ട ഒരു കാര്യം ചൂണ്ടിക്കാണിക്കട്ടെ. ഫാതിഹയുടെ വ്യാഖ്യാനത്തിൽ മൗദൂദി എഴുതിയത് ചെറിയ കാ ര്യമല്ല. 'ഇയ്യാക നഅ്ബുദു' വിന് അദ്ദേഹം ഇപ്രകാരം തഫ്ഹീ മുൽ ക്വുർആനിൽ രേഖപ്പെടു ത്തി: "നിനക്ക് മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു. ഇബാ ദത്ത് എന്ന പദം അറബി ഭാ ഷയിൽ മൂന്ന് അർഥങ്ങളിൽ ഉപയോഗിക്കാറുണ്ട്. 1) പൂജ, ആരാധന. 2) അനുസരണം, അജ്ഞാനുവർത്തനം. 3) അടി മത്തം, ദാസ്യവൃത്തി. ഇവിടെ ഈ മൂന്ന് അർഥങ്ങളും ഒന്നിച്ചു ദ്ദേശിക്കപ്പെടുന്നുണ്ട്. അതായത്, ഞങ്ങൾ നിന്നെ ആരാധിക്കുന്ന വരും നിന്റെ ആജ്ഞാനുവർത്തി കളും നിനക്ക് അടിമപ്പെടുന്നവ രുമാണ്. ഈ നിലകളിലെല്ലാം നിന്നോട് ഞങ്ങൾ ബന്ധപ്പെടു ന്നുവെന്നതല്ല, നിന്നോട് മാത്ര മെ ബന്ധപ്പെടുന്നുള്ളൂ എന്നതാ ണ് യാഥാർഥ്യം. പ്രസ്തുത മൂന്ന് അർഥങ്ങളിൽ യാതൊരു അർ ഥത്തിലും ഞങ്ങൾക്ക് മറ്റൊര 'മഅ്ബൂദ്' (ഇബാദത്ത് ചെയ്യപ്പെ ടുന്നവൻ) ഇല്ല തന്നെ" (തഫ്ഹീ മുൽ ക്വുർആൻ, പേജ് 36,38, ഒന്നാം വാല്യം).

'ക്വുർആനിലെ നാല് സാങ്കേ തിക ശബ്ദങ്ങൾ' എന്ന പേരിൽ മൗദൂദിക്ക് ഒരു പുസ്തകമുണ്ട്. ഇലാഹ്, റബ്ബ് ഇബാദത്ത്, ദീൻ എന്നിവയാണ് ആ നാലു പദ ങ്ങൾ. തൗഹീദിൽ ആരാധനക്ക് പുറമെ അനുസരണവും അടിമ ത്തവും കൂടി മൗദൂദി കൂട്ടിച്ചേർ ത്തതോടെ ദൈവതരരെ അനു സരിച്ചാൽ ശിർക്കായിത്തീരും. മറ്റൊരാൾക്ക് അടിമവൃത്തി ചെ യ്താലും തഥൈവ.

യഥാർഥത്തിൽ ഈ വാദം പ്രാമാണികമാണോ? അല്ലാ ഹു അല്ലാത്തവരെ അനുസരി

ക്കാൻ പാടില്ലേ? അനുസരിച്ചാൽ ശിർക്കാകുമോ? പ്രവാചകനെ അനുസരിക്കൽ ദീനിന്റെ സർവസ്വവുമാണ്. മാതാപിതാക്കളെ അനുസരിക്കണം. ഗുരുനാഥന്മാരെ അനുസരിക്കണം. നല്ല കാര്യത്തിൽ ആരെയും അനുസരിക്കാം. മതവിധിക്കെതിരെ ആവാൻ പാടില്ല. അതായത് അനുസരണം അല്ലാഹുവിന് മാത്രം എന്നൊരു വിധി ഇസ്‌ലാമിലില്ല. അനുസരിക്കുന്ന കാര്യം പരിഗണിച്ചാണ് വിധി. മതത്തിൽ നിർബന്ധ കാര്യം അനുസരിച്ചാൽ അതനുസരിച്ചാണ് വിധി. സുന്നത്തായ കാര്യം അനുസരിച്ചാൽ അത് സുന്നത്തായി കണക്കിലെടുക്കും. ഹലാലായ കാര്യം അനുസരിച്ചാൽ അത് ഹലാലായിത്തീരും. ഹറാമാണെങ്കിലോ? അത് ഹറാമാകും!

സലഫി പണ്ഡിതന്മാർ ഈ കാര്യം വ്യക്തമാക്കിയപ്പോൾ കേരളത്തിലെ ജമാഅത്തുകാർ അന്ന് പറഞ്ഞു; എല്ലാ അനുസരണവുമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. നിരുപാധികമായ അനുസരണമാണ് എന്ന്. സലഫികൾ പറഞ്ഞു; നിരുപാധികമായി റസൂലിനെ അനുസരിച്ചാലേ മുസ്‌ലിമാവുകയുള്ളൂ.

ഇനി അടിമവേലയുടെ കാര്യമെടുക്കാം. നബി(സ്വ)യുടെ സ്വഹാബികളിൽ പലരും അടിമകളായിരുന്നു. തങ്ങളുടെ യജമാനന്മാർക്ക് അവർ അടിമവേല ചെയ്താണ് ജീവിച്ചിരുന്നത്. പല സ്വഹാബികളും അടിമകളുള്ള യജമാനൻമാരായിരുന്നു. തന്റെ യജമാനനോടും അല്ലാഹുവിനോടും നല്ല നിലപാടിൽ ജീവിക്കുന്ന അടിമക്ക് രണ്ട് പ്രതിഫലം എന്ന് നബി (സ്വ) പ്രസ്താവിക്കുകയും ചെയ്തു. അടിമയെ അടിമത്തത്തിൽനിന്നും മോചിപ്പിക്കൽ വലിയ പുണ്യകർമമായി അംഗീകരിക്കുകയും ചെയ്തു.

അടിമത്തം നിരോധിച്ചിട്ടില്ല. എന്തുകൊണ്ട് നിരോധിച്ചില്ല? യുദ്ധമുണ്ടാകുമ്പോൾ ശത്രുഭടന്മാരെ തടവിലാക്കും. ആ തടവുകാരെ എന്തു ചെയ്യണം? അവർ അടിമകളായിത്തീരും. മാന്യമായ വസ്ത്രവും ആഹാരവും താമസവും നൽകി അവരെ സംരക്ഷിക്കണം. ഈ ആധുനിക കാലത്ത് പോലും യുദ്ധത്തടവുകാരെ ക്രൂരമായി പീഡിപ്പിക്കുന്നത് നാമറിയുന്നു. ഗ്വാണ്ടനാമോ തടവറ കുപ്രസിദ്ധമാണല്ലോ. അടിമയോട് നല്ല നിലപാടിൽ വർത്തിക്കണമെന്നാണ് ഇസ്‌ലാം ഇസ്‌ലാം വ്യക്തമാക്കുന്നത്. അവന് കഴിയാത്ത ജോലി അവനെക്കൊണ്ട് നിർബന്ധിച്ച് ചെയ്യിക്കരുത്. വേണ്ടിവന്നാൽ അവനെ ജോലിയിൽ സഹായിക്കണം എന്നാണ് പ്രവാചക നിർദേശം.

ചുരുക്കത്തിൽ, അല്ലാഹു അല്ലാഹുവല്ലാത്തവരെ അനുസരിക്കരുത് എന്നോ അടിമവേല പാടില്ല എന്നോ ഉള്ള ഒരു കൽപന ഇസ്‌ലാമിലില്ല. മൗദൂദി കൊണ്ടുവന്ന പുത്തൻ തൗഹീദ് ഇസ്‌ലാമിനന്യമാണ്. അദ്ദേഹം ആ പറഞ്ഞത് അബദ്ധമാണ്. തൗഹീദിലാണ് അബദ്ധം എന്നതുകൊണ്ട് പരമാബദ്ധമാണ് എന്ന് പറയാം.

അതുപോലെ തന്നെ പരമാബദ്ധമാണ് മതരാഷ്ട്രവാദം. മൗദൂദിയുടെ ഖുതുബാത്ത് എന്ന ഗ്രന്ഥത്തിൽ 'ജിഹാദ്, 'ജിഹാദിന്റെ പ്രാധാന്യം' എന്നീ രണ്ടധ്യായങ്ങളിൽ, ഭരണമുണ്ടായാലേ ദീനുള്ളൂ എന്ന സിദ്ധാന്തം അദ്ദേഹം അവതരിപ്പിക്കുന്നു: 'സ്വന്തഭരണമില്ലാത്ത ദീനിന്റെ സ്ഥിതി ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത ഒരു സാങ്കൽപിക വീടുപോലെയാണ്'(ഖുതുബാത്ത്, പേജ് 271).

ഭരണമില്ലെങ്കിൽ ദീനില്ല എന്ന വിഷയം വിശദമാക്കുന്നത് മേൽപ്പറഞ്ഞ രണ്ടധ്യായങ്ങളിലാണ്. വേറെ നിയമങ്ങൾ അനുസരിക്കുന്നത് ശിർക്കാണെന്ന് അദ്ദേഹം അതിൽ പറയുന്നുണ്ട്.

മദീന ഹിജറക്ക് മുമ്പ് ഹബ്ശ(അബ്സീനിയ-ഇന്നത്തെ എത്യോപ്യ)യിലേക്ക് ഹിജ്റ പോകാൻ സ്വഹാബികൾക്ക് അനുവാദം നൽകുകയുണ്ടായി. പ്രവാചകത്വത്തിന്റെ അഞ്ചാം വർഷം റജബ് മാസത്തിലായിരുന്നു അത്. 12 പുരുഷന്മാരും 4 സ്ത്രീകളും പ്രവാചക പുത്രി റുഖിയ്യ(റ), ഭർത്താവ് ഉസ്മാനുബ്നു അഫ്ഫാൻ(റ) എന്നിവരും ആ കൂട്ടത്തിലുണ്ടായിരുന്നു. പിന്നീട് 83 സ്വഹാബികളും 19 വനിതകളും ഹബ്ശയിലേക്ക് പോയി. പ്രവാചകന്റെ പിതൃവ്യപുത്രനും അലി(റ)യുടെ സഹോദരനുമായ ജഅ്ഫറുബ്‌നു അബീത്വാലിബും(റ) അമ്മാറുബ്നു യാസിറും(റ) ആ കൂട്ടത്തിലുണ്ടായിരുന്നു.

ഹിജ്റ ഏഴാം വർഷമാണ് ഖയ്ബർ യുദ്ധം. അതിനുശേഷമാണ് ജഅ്ഫറും(റ) കുടുംബവും ഹബ്ശയിൽനിന്ന് മടങ്ങി മദീനയിൽ എത്തിയത്.

ക്രിസ്ത്യൻ ഭരണകൂടമാണ് ഹബ്ശയിലുണ്ടായിരുന്നത്. ആ ഭരണകൂടത്തിന് കീഴിൽ ജീവിക്കുവാനാണ് നബി(സ്വ) സ്വഹാബികളെ പറഞ്ഞയച്ചത്. പിന്നീട് മുസ്‌ലിംകൾ മക്കയിൽനിന്നും മദീനയിലേക്ക് ഹിജ്റ പോയി. മദീനയിൽ പ്രവാചകന്റെ നേതൃത്വത്തിൽ ഒരു ഇസ്‌ലാമിക സമൂഹം നിലവിൽ വന്നു. ക്രിസ്ത്യൻ ഭരണം നടന്നിരുന്ന ഹബ്ശയിലേക്ക് -അത് ത്വാഗൂത്താണെങ്കിൽ- സ്വഹാബി

കളെ പറഞ്ഞയക്കുമായി രുന്നോ? എന്നുമാത്രമല്ല, മറ്റൊരു കാര്യം കൂടിയുണ്ട്; മദീനയിലെത്തി അവിടെ ഇസ്‌ലാമിക ഭരണം നിലവിൽ വരുകയും ചെയ്തു. ഹബ്ശയിൽ സ്വഹാബികൾ നിർബന്ധിത സാഹചര്യത്തിലാണ് ജീവിക്കുന്നതെങ്കിൽ നബി(സ്വ) അവരെ മദീനയിലേക്ക് വരണമെന്ന് അറിയിക്കുമായിരുന്നല്ലോ. നബി (സ്വ) അങ്ങനെ അറിയിച്ചില്ല. അവർ ഏഴുവർഷം പിന്നീടും ഹബ്ശയിൽ ജീവിച്ചു. അബൂ സുഫ്‌യാന്റെ മകൾ ഉമ്മുഹബീബ(റ)യെ നബി(സ്വ) വിവാഹം ചെയ്യുന്നത് അവർ ഹബ്ശയിലായിരുന്നപ്പോഴാണ്.

അനിസ്‌ലാമിക ഭരണകൂടത്തിന് കീഴിൽ മുസ്‌ലിമായി ജീവിക്കുന്നതിന് തടസ്സമെന്തെങ്കിലുമുണ്ടോ? അതാണ് കാര്യം. ഈമാൻ കാര്യങ്ങൾ ആറിലും വിശ്വസിച്ച് ഇസ്‌ലാം കാര്യങ്ങൾ അഞ്ചും നിർവഹിച്ച് ജീവിക്കാൻ കഴിയുമോ എന്നതാണ് വിഷയം. ദൈവകൽപനകൾക്കെതിരിൽ ആരെയും അനുസരിക്കേണ്ടതില്ല.

മുസ്‌ലിംകളോട് നല്ല നിലയിൽ ഇടപെടുന്നവരോട് നല്ല നിലയിൽ തന്നെ അങ്ങോട്ടും ഇടപെടണം എന്നതാണ് മതനിർദേശം. ഖുർആൻ പറയുന്നു: “മതകാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല. തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. മതകാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ചു മാത്രമാണ്-അവരോട് മൈത്രി കാണിക്കുന്നത്-അല്ലാഹു വിരോധിക്കുന്നത്. വല്ലവരും അവരോട് മൈത്രി ബന്ധം പുലർത്തുന്ന പക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ” (മുംതഹന 8,9).

ഒരു കാര്യം കൂടി വിശദീകരിക്കട്ടെ; ‘മൗദൂദിക്ക് അറബി അറിയില്ലെന്ന് ഉമർ മൗലവി പറഞ്ഞു കളഞ്ഞു, എന്തൊരു വിഡ്ഢിത്തമാണ് ഈ മൗലവി പറയുന്നത്’ എന്ന് ജമാഅത്തെ ഇസ്‌ലാമിക്കാർ വ്യാപകമായി പറഞ്ഞു നടന്നിരുന്നു. ഇപ്പോഴും അവരത് പറയുന്നുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

മൗദൂദിയുടെ പുത്തൻ വാദങ്ങളൊക്കെ പുറത്തുവരുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ഉറുദുവിലുള്ള പല ലേഖനങ്ങളും അറബിയിലേക്ക് മൊഴിമാറ്റം നടത്തി കെഎം മൗലവി ഈജിപ്തിലേക്ക് അയച്ചു കൊടുക്കാറുണ്ടായിരുന്നു. ശൈഖ് റശീദ് രിളായുടെ അൽമനാറിൽ അത് പ്രസിദ്ധീകരിക്കാൻ വേണ്ടിയായിരുന്നു അത്. അക്കാലത്ത് ഉമർ മൗലവി കെഎം മൗലവിയുടെ ശിഷ്യന്മാരിൽ പ്രഥമനായിരുന്നു. മൗദൂദി അറബിയിലെന്തെങ്കിലും എഴുതിയിട്ടുണ്ടെങ്കിൽ അവ ഞങ്ങൾക്കയച്ചു തരണമെന്നാവശ്യപ്പെട്ട് തിരൂരങ്ങാടിയിൽ നിന്നെഴുതി. അപ്പോൾ അറബിയിൽ മൗദൂദി ഒന്നും എഴുതിയിട്ടില്ല എന്നും അദ്ദേഹത്തിന്റെ രചനകൾ അറബിയിലേക്ക് പരിഭാഷപ്പെടുത്താൻ ‘ദാറുൽ ഉറൂബത്’ എന്നൊരു സ്ഥാപനമുണ്ടെന്നും മറുപടി കിട്ടി.

സുഊദി അറേബ്യയിലെത്തിയ മൗദൂദിക്ക് ജിദ്ദയിലൊരു സ്വീകരണമുണ്ടായി. ആ സ്വീകരണത്തിന് നന്ദി പറഞ്ഞ് രണ്ടു വാചകം അറബിയിൽ മൗദൂദി പറഞ്ഞില്ല. പരിഭാഷകനാണ് അറബിയിൽ അക്കാര്യം നിർവഹിച്ചത്. അറബി അത്യാവശ്യം അറിയുന്ന ആളാണെങ്കിൽ അറബ്നാട്ടിൽ അറബിയിലല്ലേ സംസാരിക്കുക?

സൂറതു മുഹമ്മദ് 35-ാം വചനത്തിന്റെ അർഥം ഇപ്രകാരമാണ്: “ആകയാൽ നിങ്ങൾ ദൗർബല്യം കാണിക്കരുത്. നിങ്ങൾ തന്നെയാണ് ഉന്നതന്മാർ എന്നിരിക്കെ (ശത്രുക്കളെ) നിങ്ങൾ സന്ധിക്ക് ക്ഷണിക്കുകയും ചെയ്യരുത്. അല്ലാഹു നിങ്ങളുടെ കൂടെയുണ്ട്.” ഇവിടെ ക്ഷണിക്കരുത് എന്ന് പറഞ്ഞിടത്ത് ക്ഷണിക്കുക എന്ന് അർഥം കൊടുത്തുള്ള മൗദൂദിയുടെ ലേഖനം കണ്ടു. ഇക്കാര്യമറിയിച്ചുകൊണ്ട് കെഎം മൗലവി മൗദൂദിക്ക് എഴുതി. മറുപടി വന്നില്ല. വീണ്ടും എഴുതി. ഒരു മറുപടിയുമുണ്ടായില്ല. എന്നാൽ (തഫ്ഹീമുൽ ഖുർആനിൽ ശരിയായ അർഥം തന്നെയാണിപ്പോൾ കാണുന്നത്.

ഈ മൂന്നു കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് ഉമർ മൗലവി മേൽപ്പറഞ്ഞ കാര്യം പറഞ്ഞത്. മൗദൂദിക്ക് അറബി ഭാഷ കൈകാര്യം ചെയ്യാൻ കഴിയില്ല എന്ന അഭിപ്രായത്തിൽ എത്താൻ കാരണമതാണ്. മേൽ വിശദീകരിച്ച മൂന്ന് സംഭവങ്ങളിൽനിന്ന് വ്യക്തമാകുന്നത് അതുതന്നെയല്ലേ?

മൗദൂദി കൊണ്ടുവന്ന പുത്തൻ വാദങ്ങളിൽ അടിസ്ഥാനപരമായ രണ്ടു വിഷയങ്ങളാണ് ഈ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചത്. അതിനു വ്യക്തവും പ്രമാണികവുമായ മറുപടിയുണ്ടോ? അതാണ് ജമാഅത്തുകാർ പറയേണ്ടത്. ■

# സൂറതു അൻകബൂത്ത്

(മക്കയിൽ അവതരിച്ചത്)

അധ്യായം 29

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَمَا هَٰذِهِ الْحَيَاةُ الدُّنْيَا إِلَّا لَهْوٌ وَلَعِبٌ ۚ وَإِنَّ الدَّارَ الْآخِرَةَ لَهِيَ الْحَيَوَانُ ۚ لَوْ كَانُوا يَعْلَمُونَ ﴿٦٤﴾

64. ഈ ഐഹികജീവിതം വിനോദവും കളിയുമല്ലാതെ മറ്റൊന്നുമല്ല. തീർച്ചയായും പരലോകം തന്നെയാണ് യഥാർഥ ജീവിതം. അവർ മനസ്സിലാക്കിയിരുന്നെങ്കിൽ!

فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ ﴿٦٥﴾

65. എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറിയാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളിച്ച് പ്രാർഥിക്കും. എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്കുചേർക്കുന്നു!

لِيَكْفُرُوا بِمَا آتَيْنَاهُمْ وَلِيَتَمَتَّعُوا ۖ فَسَوْفَ يَعْلَمُونَ ﴿٦٦﴾

66. അങ്ങനെ നാം അവർക്ക് നൽകിയതിൽ അവർ നന്ദികേട് കാണിക്കുകയും അവർ സുഖം അനുഭവിക്കുകയും ചെയ്യുന്നവരായിത്തീർന്നു. എന്നാൽ വഴിയെ അവർ (കാര്യം) മനസ്സിലാക്കിക്കൊള്ളും.

أَوَلَمْ يَرَوْا أَنَّا جَعَلْنَا حَرَمًا آمِنًا وَيُتَخَطَّفُ النَّاسُ مِنْ حَوْلِهِمْ ۚ أَفَبِالْبَاطِلِ يُؤْمِنُونَ وَبِنِعْمَةِ اللَّهِ يَكْفُرُونَ ﴿٦٧﴾

67. നിർഭയമായ ഒരു പവിത്രസങ്കേതം നാം ഏർപ്പെടുത്തിയിരിക്കുന്നു എന്ന് അവർ കണ്ടില്ലേ? അവരുടെ ചുറ്റുഭാഗത്തുനിന്നാകട്ടെ ആളുകൾ റാഞ്ചിയെടുക്കപ്പെടുന്നു. എന്നിട്ടും അസത്യത്തിൽ അവർ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തോട് അവർ നന്ദികേട് കാണിക്കുകയുമാണോ?

وَمَنْ أَظْلَمُ مِمَّنِ افْتَرَىٰ عَلَى اللَّهِ كَذِبًا أَوْ كَذَّبَ بِالْحَقِّ لَمَّا جَاءَهُ ۚ أَلَيْسَ فِي جَهَنَّمَ مَثْوًى لِلْكَافِرِينَ ﴿٦٨﴾

68. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ സത്യം വന്നുകിട്ടിയപ്പോൾ അത് നിഷേധിച്ച് തള്ളുകയോ ചെയ്തവനെക്കാൾ അക്രമിയായി ആരുണ്ട്? നരകത്തിൽ സത്യനിഷേധികൾക്കു വാസസ്ഥലം ഇല്ലയോ?

وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا ۚ وَإِنَّ اللَّهَ لَمَعَ الْمُحْسِنِينَ ﴿٦٩﴾

69. നമ്മുടെ മാർഗത്തിൽ സമരത്തിൽ ഏർപെട്ടവരാരോ, അവരെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുക തന്നെ ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു സദ്വൃത്തരോടൊപ്പമാകുന്നു.

64) ഇവിടെ അല്ലാഹു ഇഹലോകത്തെക്കുറിച്ചും പരലോകത്തെക്കുറിച്ചും സംസാരിക്കുന്നു. ഈ ലോകത്തോട് താൽപര്യം കുറയുകയും പരലോകത്തിനായി കൊതിക്കുകയും ചെയ്യണമെന്നാണ് അതിന്റെ താൽപര്യം. അല്ലാഹു പറയുന്നു: (ഈ ഐഹിക ജീവിതം മറ്റൊന്നുമല്ല) യഥാർഥത്തിൽ. (വിനോദവും കളിയുമല്ലാതെ) ഐഹികജീവിതം യഥാർഥത്തിൽ മനുഷ്യമനസ്സുകളെ വ്യതിചലിപ്പിക്കുകയും ശരീരങ്ങളെ വിനോദത്തിലാക്കുകയും ചെയ്യുന്നു. ഹൃദയം അകന്നവരെ സത്യത്തിൽനിന്നും അകറ്റുന്നു. ഇച്ഛകളും ആഗ്രഹങ്ങളും ആസ്വാദനങ്ങളും അലങ്കാരങ്ങളും ഇഹലോകത്തിൽ അല്ലാഹു ഉണ്ടാക്കി. അശ്രദ്ധയുള്ളവരുടെ കണ്ണുകൾക്ക് ആകർഷകവും അസത്യത്തെ പിന്തുടരുന്ന ആത്മാക്കൾക്ക് സന്തോഷം നൽകുന്നതുമാണത്. എന്നാൽ അത് വേഗത്തിൽ കടന്നുപോവുകയും അവസാനിക്കുകയും ചെയ്യുന്നു. അതിനെ പ്രണയിക്കുന്നവന് ദുഃഖവും നഷ്ടവും ഖേദവുമല്ലാതെ മറ്റൊന്നും ലഭിക്കുകയില്ല. എന്നാൽ പരലോകം (യഥാർഥ ജീവിതത്തിന്റെ) വാസസ്ഥലമാണ്. അതായത് സമ്പൂർണ ജീവിതം. അവിടെ ജീവിക്കുന്നവർക്ക് പൂർണശക്തിയും ആരോഗ്യവുമുണ്ടായിരിക്കും. കാരണം അവരുടെ ശരീരവും ശക്തിയും ആ ജീവിതത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. ശരിയായ ഒരു ജീവിതത്തിന് ആവശ്യമായതെല്ലാം അവിടെയുണ്ട്. ഹൃദയത്തെ സന്തോഷിപ്പിക്കുന്ന ആസ്വാദനങ്ങളുണ്ട്. ശരീരത്തെ സന്തോഷിപ്പിക്കുന്ന ഭക്ഷണങ്ങളും പാനീയങ്ങളും ഇണകളും അവിടെ ലഭിക്കും. ഒരു കണ്ണും കാണാത്തതും ഒരു കാതും കേൾക്കാത്തതും ഒരു ഹൃദയവും ചിന്തിക്കാത്തതുമായ സുഖങ്ങൾ.

(അവർ അറിഞ്ഞിരുന്നുവെങ്കിൽ) പരലോകത്തിന് അവർ ഇഹലോകത്തെക്കാൾ മുൻഗണന നൽകുമായിരുന്നു. അവർ ശരിക്ക് ചിന്തിച്ചിരുന്നുവെങ്കിൽ യഥാർഥ ജീവിതത്തിൽ താൽപര്യം കുറയുകയോ ഇഹലോകത്തിലെ കളിയിലും വിനോദത്തിലും താൽപര്യം കാണിക്കുകയോ ചെയ്യുമായിരുന്നില്ല. ശരിയായ അറിവുള്ളവർ പരലോകത്തിന് മുൻഗണന നൽകുമെന്നർഥം. അതായത് രണ്ട് ലോകത്തെക്കുറിച്ചും ശരിയായി മനസ്സിലാക്കിയവർ.

65-66) കടലിൽ യാത്ര ചെയ്യുമ്പോൾ തിരമാലകളിൽപെട്ട് ആടിയുലയുമ്പോഴും മരണത്തെ ഭയക്കുമ്പോഴും ദുരിത സമയങ്ങളിലും പ്രാർഥനകളിൽ അല്ലാഹുവിൽ പങ്കുചേർക്കാതെ അവന് മാത്രമാക്കും. എന്നാൽ പ്രയാസം നീങ്ങിക്കഴിയുകയും കരയിലേക്ക് രക്ഷപ്പെടുകയും ചെയ്താൽ രക്ഷപ്പെടുത്തിയവനിൽ അവർ പങ്കുചേർക്കും. എന്തുകൊണ്ട് പ്രയാസത്തിലും എളുപ്പത്തിലും ഐശ്വര്യത്തിലും കഷ്ടതയിലും പ്രാർഥന അല്ലാഹുവിനു മാത്രമാക്കിക്കൂടാ? ശരിയായ വിശ്വാസികളാകാനും പ്രതിഫലത്തിന് അർഹരാകാനും ശിക്ഷയിൽനിന്ന് രക്ഷപ്പെടാനും. എന്നാൽ കടലിൽനിന്ന് രക്ഷിച്ച് അനുഗ്രഹങ്ങൾ നൽകിയതിന് ശേഷം അല്ലാഹുവിന് അവർ പങ്കാളികളാക്കി. ഈ ശിർക്ക്, നാം അവർക്ക് നൽകിയതിലുള്ള നന്ദികേടിനെ പ്രതിഫലിപ്പിക്കുന്നു. അവർ അനുഗ്രഹത്തോട് മോശമായി പ്രതികരിച്ചു. അവർ കന്നുകാലികളെപ്പോലെ ഈ ലോകം ആസ്വദിക്കുന്നു. കാരണം അവർ അവരുടെ ഭക്ഷണത്തിലും ശാരീരിക അനുഗ്രഹങ്ങളുടെ പൂർത്തീകരണത്തിലും മാത്രമാണ് ശ്രദ്ധിക്കുന്നത്. എന്നാൽ അവർ ഇഹലോകം വിട്ട് പരലോകത്തേക്ക് പോകുമ്പോൾ ഇതിന്റെ അനന്തരഫലങ്ങൾ അവർക്ക് മനസ്സിലാകും. അവിടെ അവർക്ക് അഗാധമായ ഖേദവും വേദനാജനകമായ ശിക്ഷയും അനുഭവപ്പെടും.

67) പിന്നീട് അല്ലാഹു അവർക്ക് നൽകിയ നിർഭയത്വത്തിന്റെ ഹറമിനെക്കുറിച്ച് പറയുന്നു. അവരതിന്റെ സുരക്ഷിതത്വവും സമൃദ്ധമായ ഭക്ഷണങ്ങളും ആസ്വദിക്കുന്നു. എന്നാൽ അതിന് പുറമെയുള്ള ജനങ്ങൾ ഭയപ്പെടുകയും റാഞ്ചിയെടുക്കപ്പെടുകയും ചെയ്യുന്നു. ഭയത്തിൽ നിന്ന് നിർഭയത്വവും വിശപ്പിൽനിന്ന് ഭക്ഷണവും നൽകിയവനെ അവർ എന്തുകൊണ്ട് ആരാധിക്കുന്നില്ല? (എന്നിട്ടും അസത്യത്തിൽ അവർ വിശ്വസിക്കുന്നു) ബഹുദൈവ വിശ്വാസവും തെറ്റായ വാക്കും പ്രവൃത്തിയുമാണത്. (അല്ലാഹുവിന്റെ അനുഗ്രഹത്തോട്) അവർ. (നന്ദികേട് കാണിക്കുകയുമാണോ?) എന്താണ് അവർക്ക് സംഭവിച്ചത്? അവരുടെ ബുദ്ധി എവിടെപ്പോയി? സന്മാർഗം വിട്ട് ദുർമാർഗം സ്വീകരിച്ചതിനാൽ അവരുടെ മനസ്സ് തെറ്റിയോ? സത്യത്തിനു പകരം അസത്യവും ഭാഗ്യത്തിന് പകരം ദൗർഭാഗ്യവും സ്വീകരിക്കുന്നവരെക്കാൾ അക്രമികളായി സൃഷ്ടികളിൽ ആരുണ്ട്?

68) (അല്ലാഹുവിന്റെ പേരിൽ

കള്ളം കെട്ടിച്ചമക്കുന്നവനെക്കാൾ അക്രമി ആരുണ്ട്?) അങ്ങനെ അവർ പിന്തുടരുന്ന വഴികേടും അസത്യവും അവർ അല്ലാഹുവിൽ ചാർത്തിക്കൊടുത്തു. (സത്യം വന്നു കിട്ടിയപ്പോൾ അത് നിഷേധികൾ തള്ളുകയും) അല്ലാഹുവിന്റെ ദൂതൻ മുഹമ്മദ് നബിയിലൂടെ വന്നത്. എന്നാൽ ഈ ധിക്കാരിയായ അക്രമികൾക്ക് മുമ്പിലുള്ളത് നരകമാണ്. (നരകത്തിൽ സത്യനിഷേധികൾക്ക് വാസസ്ഥലം ഇല്ലയോ) അങ്ങനെ അവർക്ക് അർഹതപ്പെട്ടത് നൽകും. അതിൽ അവർ അപമാനിതരാകും. പുറത്ത് വരാൻ കഴിയാത്ത സ്ഥിരതാമസത്തിന്റെ ഭവനങ്ങളായിരിക്കും അവർക്ക് ആ നരകം.

69) (നമ്മുടെ മാർഗത്തിൽ പോരാട്ടത്തിൽ ഏർപ്പെട്ടവർ) അല്ലാഹുവിന്റെ മാർഗത്തിൽ പലായനം ചെയ്തവർ, ശത്രുക്കൾക്കെതിരെ പോരാടിയവർ, അല്ലാഹുവിന്റെ തൃപ്തിക്കായി പരിശ്രമിച്ചവർ. (അവരെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുകതന്നെ ചെയ്യുന്നതാണ്) നന്മയിലേക്കെത്തുന്ന വഴികൾ. കാരണം, അവർ സദ്വൃത്തരാണ്. (തീർച്ചയായും അല്ലാഹു സദ്വൃത്തരോടൊപ്പമാകുന്നു) അവൻ അവർക്ക് സഹായവും പിന്തുണയും മാർഗനിർദേശവും നൽകുന്നു. സത്യത്തോട് ഏറ്റവും അധികം യോജിപ്പ് പുലർത്തും. അത് ജിഹാദിന്റെ ആളുകളാണ്. കൽപിച്ചത് നന്നായി ചെയ്യുന്നവർ, അല്ലാഹു അവരെ സഹായിക്കും. സൻമാർഗത്തിന്റെ വഴികൾ അവർക്ക് എളുപ്പമാക്കും. ഇസ്‌ലാമിക വിജ്ഞാനം നേടാൻ കഠിനമായി പരിശ്രമിക്കുന്ന ഏതൊരു വ്യക്തിയും തന്റെ പരിശ്രമങ്ങൾക്കൊപ്പം അല്ലാഹുവിന്റെ സഹായം ലഭിക്കുന്നവനാണ്. ഇസ്‌ലാമിക വിജ്ഞാനം നേടുന്നത് അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദാണ്. അത് നിർവഹിക്കാൻ എല്ലാവർക്കുമാകില്ല. അത് വാക്കുകൊണ്ടും നാവുകൊണ്ടും അവിശ്വാസികളോടും കപടവിശ്വാസികളോടുമുള്ള ജിഹാദാണ്. മതകാര്യങ്ങൾ പഠിപ്പിക്കാനും സത്യത്തെ എതിർക്കുന്നവർക്ക് മറുപടി നൽകി പ്രതിരോധിക്കാനും; അവർ മുസ്‌ലിംകളായിരുന്നാലും.

*സൂറഃ അൽഅൻകബൂത്തിന്റെ വ്യാഖ്യാനം പൂർത്തിയായി.*



**അസ്‌ലഹ്**
(അൽഹിക്മ അറബിക് കോളേജ്, എടത്തനാട്ടുകര)

ഇസ്രായേൽ എന്ന ക്രിമിനൽ രാജ്യം നരനായാട്ട് നടത്തിക്കൊണ്ടേയിരിക്കുകയാണ്. ഹമാസിനെ ഇല്ലാതാക്കുകയല്ല; ഫലസ്തീനികളെ മുഴുവനായും കൊന്നുതീർക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് അവർ അനുദിനം തെളിയിച്ചുകൊണ്ടിരിക്കുന്നു.

നിരന്തരമായ ബോംബുവർഷത്തിലൂടെയും വെടിവയ്പിലൂടെയും ഗസ്സയെ മരുപ്പറമ്പാക്കി മാറ്റിയപ്പോൾ അവശേഷിക്കുന്നവർ കൊടും ദുരിതത്തിലാണ്. വെള്ളമില്ല, ഭക്ഷണമില്ല, മരുന്നില്ല...ആശുപത്രികളെ തിരഞ്ഞുപിടിച്ച് തകർക്കുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ ബോംബിടുന്നു. ഭക്ഷണത്തിനു കാത്തുനിൽക്കുന്നവരെ കൊന്നൊടുക്കുന്നു. എല്ലാവരും നിരായുധർ. സാധാരണക്കാർ. അവരിൽ സ്ത്രീകളും കുട്ടികളുമുണ്ട്. കൊല്ലുന്നതിന് കാരണം പറയുന്നതാകട്ടെ ഹമാസിനെ ഇല്ലാതാക്കലും!

ഈ കൊടും ക്രൂരത കണ്ട് സഹിക്കവയ്യാതെയാണ് ഗസ്സയിൽ അവശേഷിക്കുന്നവർക്ക് അടിയന്തിര സഹായങ്ങളുമായി ലോകമെമ്പാടുമുള്ള കുറെ സന്നദ്ധ സംഘടനകൾ കടൽവഴി പുറപ്പെട്ടത്. അത് ധീരമായ ഒരു പ്രവർത്തനം തന്നെയാണ്. സയണിസ്റ്റ് ചെന്നായ്ക്കളുടെ ബോംബുകളോ വെടിയുണ്ടകളോ ഏതു നിമിഷവും തങ്ങളെ ഇല്ലാതാക്കിയേക്കാനുള്ള സാധ്യത മുന്നിൽ കണ്ടുള്ള പ്രവർത്തനം. അവർ കൂടെ കരുതിയത് ബോംബുകളോ തോക്കുകളോ മറ്റെന്തെങ്കിലും ആയുധമോ അല്ലായിരുന്നു; ഭക്ഷണം, മരുന്ന്, വസ്ത്രം പോലുള്ള അത്യാവശ്യ വസ്തുക്കളായിരുന്നു. ഗസ്സയിലെ ദുരിതമനുഭവിക്കുന്നവരിലേ



ഇസ്രായേലിനോടും അതിനെ പിന്തുണക്കുന്ന മിത്രരാജ്യങ്ങളോടും ലോകം ചോദിക്കുന്നു; ഭക്ഷണവും മരുന്നും കൊണ്ടുപോകുന്ന സഹായ കപ്പലുകൾ നിങ്ങളെ ഇത്രയധികം ഭയപ്പെടുത്തുന്നത് എന്തുകൊണ്ട്? ഒരു ജനതയുടെ നിസ്സഹായാവസ്ഥിലെ ദീനരോദനം നിങ്ങളെ സന്തോഷിപ്പിക്കുവാനുള്ള കാരണം എന്താണ്?

# ‘ഫ്രീഡം ഫ്ളോട്ടില്ല’കൾ നൽകുന്ന സന്ദേശം

ക്ക് അവയൊന്നും എത്താതിരിക്കാൻ മുഴുവൻ കപ്പലുകളെയും ഇസ്രയേൽ തടയുകയും ആളുകളെ അറസ്റ്റു ചെയ്യുകയുമുണ്ടായി.

ഗസ്സയിലെ ജനത അനുഭവിക്കുന്ന ദുരിതം വാക്കുകളാൽ വിശദീകരിക്കാൻ സാധിക്കുന്നതിനും അപ്പുറമാണ്. വെള്ളവും ഭക്ഷണവും മരുന്നും വസ്ത്രവും വീടുമില്ലാതെ നാളുകൾ തള്ളിനീക്കുന്ന ഒരു കൂട്ടം മനുഷ്യരെക്കുറിച്ച് ഒന്ന് ആലോചിച്ചു നോക്കുക.

ഈ പശ്ചാത്തലത്തിലാണ് ‘ഫ്രീഡം ഫ്ളോട്ടില്ല’യുടെ യാത്ര. സ്പാനിഷിലെ ‘ഫ്ളോ’യിൽ നിന്നാണ്, ഒന്നിച്ചു യാത്ര ചെയ്യുന്ന ബോട്ടുകളെയും ചെറുകപ്പലുകളെയും സൂചിപ്പിക്കുന്ന ‘ഫ്ളോട്ടില്ല’ എന്ന വാക്കിന്റെ ഉത്ഭവം. ഫ്രീഡം ഫ്ളോട്ടില്ല (Freedom Flotilla) രണ്ടു പതിറ്റാണ്ടോളമായി തുടരുന്ന, ഇസ്രായേലിന്റെ ഗസ്സയിലേക്കുള്ള കടൽ ഉപരോധത്തെ എതിർക്കാൻ മനുഷ്യാവകാശ പ്രവർത്തകരും അന്താരാഷ്ട്ര സംഘടനകളും ഫലസ്തീൻ അനുകൂല കൂട്ടായ്മകളും ചേർന്നു നടത്തുന്ന കടൽ യാത്രകളുടെ പരമ്പരയാണ്. ഇത് ഫ്രീഡം ഫ്ളോട്ടില്ലയുടെ ആദ്യ ദൗത്യമല്ല.

മനുഷ്യത്വ സഹായം തടയുന്നത് മനുഷ്യാവകാശ ലംഘനമാണ്. ജനീവാ കരാറുകൾ യുദ്ധകാലത്തും സിവിലിയൻ ജനതയുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അവകാശം ഉറപ്പാക്കുന്നുണ്ട്. എന്നാൽ തങ്ങൾ എല്ലാ നിയമങ്ങൾക്കും അതീതരാണെന്ന ധിക്കാര മനസ്സാണ് ഇസ്രായേലിനുള്ളത്.

ഇസ്രായേലിനോടും അതിനെ പിന്തുണക്കുന്ന മിത്രരാജ്യങ്ങളോടും ലോകം ചോദിക്കുന്നു; ഭക്ഷണവും മരുന്നും കൊണ്ടുപോകുന്ന സഹായ കപ്പലുകൾ നിങ്ങളെ ഇത്രയധികം ഭയപ്പെടുത്തുന്നത് എന്തുകൊണ്ട്? ഒരു ജനതയുടെ നിസ്സഹായാവസ്ഥിലെ ദീനരോദനം നിങ്ങളെ സന്തോഷിപ്പിക്കുവാനുള്ള കാരണം എന്താണ്?

# ഞാൻ എത്തുന്നില്ലെങ്കിൽ, ഒരുനാൾ എന്റെ സഹപ്രവർത്തകർ അത് പൂർത്തിയാക്കും!

**(ഐറിഷ് സ്റ്റാന്റപ് കൊമേഡിയൻ Tadhg Hickey സുമൂദ് ഫ്ളോട്ടിലയിൽ നിന്ന് അയച്ച സന്ദേശം)**

സുഹൃത്തുക്കളേ,

ഇത് എന്റെ അവസാന സന്ദേശമാണ്. എന്റെ ജീവിതത്തിലെ അവസാന സന്ദേശമാകില്ലെന്ന് കരുതാം. ഞങ്ങൾ ഇപ്പോൾ 'റെഡ് സോണി'ൽ പ്രവേശിക്കുന്നു. ഇസ്രായേൽ ഞങ്ങളെ തടയാനുള്ള സാധ്യതയുണ്ട്. പിടിച്ചുകൊണ്ടുപോകാനുമിടയുണ്ട്. അതിനാൽ ഞാൻ എന്റെ നിലപാട് രേഖപ്പെടുത്തുകയാണ്.

എനിക്ക് ഒട്ടും പശ്ചാത്താപമില്ല. ഞാൻ ഒന്നിലും ഖേദിക്കുന്നില്ല. ഇതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അതിയായ അഭിമാനമുണ്ട്. ജീവിതം തിരികെ ലഭിച്ചാൽ, ഞാൻ ഈ ദൗത്യത്തിൽ വീണ്ടും പങ്കെടുക്കും.

ഞാൻ എന്റെ രണ്ടു മക്കളെ അതിയായി സ്നേഹിക്കുന്നു എന്ന് കൂടി പറയണം. അവരെ ഞാൻ വളരെ മിസ്സ് ചെയ്യുന്നു. അവരെ കാണാനുള്ള ആകാംക്ഷയുണ്ട്. എന്നാൽ ഒരുവിധത്തിൽ, ഞാൻ ഈ ദൗത്യത്തിലേക്ക് വന്നത് എന്റെ മക്കൾക്കായി തന്നെയാണ്. കാരണം, ആളുകൾ കൂട്ടത്തോടെ കൊല്ലപ്പെടുകയും വിശന്നു മരിക്കുകയും ചെയ്യുന്ന വിഷയത്തിൽ എല്ലാവരും കണ്ണടയ്ക്കുന്ന ഈ ലോകത്ത് അവരെ വളരാൻ അനുവദിക്കാനാവില്ല. എന്റെ കുട്ടികൾ വളരുമ്പോൾ തങ്ങൾ മഹത്വമുള്ളവരാണെന്ന് അവർ അറിയണം. എന്നാൽ, എല്ലാവരും മഹത്വമുള്ളവരാണെന്നും ഒരു കുഞ്ഞും മറ്റൊരു കുഞ്ഞിനെക്കാൾ മികച്ചതോ മോശമോ അല്ലെന്നുമുള്ള ഉറപ്പോടെ അവർക്ക് ജീവിക്കാനാവണം.

അടുത്ത കുറച്ച് മണിക്കൂറുകളിൽ എന്ത് സംഭവിക്കുമെന്ന് എനിക്ക് അറിയില്ല. ഞങ്ങളെ തടയുമോ എന്നതാണ് ചോദ്യം. അതു തന്നെയാണ് യഥാർഥത്തിൽ യുദ്ധക്കുറ്റം. ഞങ്ങളെ കൂട്ടക്കൊല ചെയ്യുമോ എന്ന ഭയവും ഉണ്ട്. കാരണം കഴിഞ്ഞ ഏതാനും മണിക്കൂറുകൾക്കിടെ ഇസ്രായേൽ അതിനായി പ്രചാരണം കൂട്ടുകയാണ്. ഒന്നും സംഭവിച്ചില്ലെങ്കിൽ, ഞങ്ങൾ ഗസ്സയിൽ എത്തും, ഞാൻ എന്റെ സ്വപ്നങ്ങളുടെ തീരമണയും. എന്റെ സഹോദരങ്ങളെ ഗസ്സയുടെ കടൽത്തീരത്ത് കാണും.

എന്താണ് മുന്നിൽ കാത്തിരിക്കുന്നതെന്ന് എനിക്ക് അറിയില്ല. പക്ഷേ, ഒരു കാര്യം ഞാൻ ഉറപ്പിച്ചു പറയുന്നു; എന്റെ പിന്നാലെ മനുഷ്യത്വത്തിന്റെ പ്രത്യാശയുടെ ക്ഷീണിക്കാത്ത യാത്ര തുടർന്നുകൊണ്ടിരിക്കും. ഞാൻ എത്തുന്നില്ലെങ്കിൽ, ഒരുനാൾ എന്റെ സഹപ്രവർത്തകർ അത് പൂർത്തിയാക്കും. വളരെ വളരെ അടുത്തുതന്നെ. ഫലസ്തീൻ സ്വതന്ത്രമാവും. എന്റെ എല്ലാ സ്നേഹവും സമാധാനവും നേരുന്നു. വീണ്ടും കാണാം. ■





Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# എന്തുകൊണ്ട് ഫലസ്തീൻ ?

ലോകമെമ്പാടും ചലനം സൃഷ്ടിക്കാൻ
കെൽപ്പുള്ള ഫലസ്തീൻ
എന്ന കൊച്ചുരാജ്യത്തിന്റെ
പോരാട്ട വീര്യത്തിന്റെ
പിന്നാമ്പുറങ്ങളിലേക്ക് ഒരു എത്തിനോട്ടം.

WISDOM BOOKS




200 രൂപയുടെ
പുസ്തകം
ഇപ്പോൾ
160 രൂപക്ക്

# യഹൂദരും ഫലസ്തീനും

## ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും

ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

FREE HOME DELIVERY

ORDER NOW

പുസ്തകം
നിങ്ങളുടെ
വീട്ടിൽ
എത്തിക്കുന്നു

+91 7356 766 478

https://wisdombooksonline.com/product/88

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
11 October 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

44th SHARJAH INTERNATIONAL BOOK FAIR
2025 Nov. 05-16
Expo Centre, Sharjah

ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ വെച്ച്
പ്രകാശനം ചെയ്യപ്പെടുന്നു




ലളിതമായ രീതിയിലുള്ള അവതരണം

നിങ്ങളുടെ കോപ്പികൾ ഉറപ്പ് വരുത്തുക

PRICE: ₹450

തഫ്സീർ അസ്സഅദി [മലയാളം]
ജുസ്അ് 28-30

കൂടുതൽ വിവരങ്ങൾക്ക്
: +971 50 674 3755

peaceradio Tune to reality
WISDOM ISLAMIC ORGANIZATION
നേർപഥം വാരിക